തബ്‌ലീഗ് വിരോധം

ഉമ്മത്തിന് തീരാനഷ്ടം

തബ്‌ലീഗിനെ ശരിയായി മനസ്സിലാക്കുക

(തബ്‌ലീഗ് പ്രവർത്തനം ഈ ഉമ്മത്തികളിൽ പെട്ട എല്ലാ ഓരോ വ്യക്തികൾക്കും കടമപ്പെട്ട കാര്യമായത് കൊണ്ട്തന്നെ തബ്‌ലീഗ്സംബന്ധമായ ഏതെങ്കിലും സംശയങ്ങളിൽ അകപ്പെട്ട് കഴിയുന്നവരുണ്ടെങ്കിൽ അവരുടെ സംശയങ്ങൾ തീർക്കുന്നിന്ന് പരിപൂർണ്ണമായും പരിശ്രമിക്കുകയും പ്രവർത്തനത്തോട് എല്ലാവരും സഹകരിക്കുകയും ചെയ്യേണ്ടതാണ്)

ആമുഖം

ദഅ്‌വത്തിനെപ്പറ്റി ഒരുബൈത്തും സാരവും

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على اشرف المرسلين
وعلي آله و صحبه اجمعين، امابعد

تَبْلِيغُ دِينِ اللّهِ فِعْلٌ وَاجِبٌ
يَحْيَي بِهِ ألاِسْلاَمُ يَنْجُو الْمُذْنِبُ
جهد النبي وصحبه والتابعين
وفرض علينا باختتام المرسلِين
اوصي به خير الوري خير الامم
فقال عني بلغوا كل الامم
جل الصحابة في الجماعة سافروا
وكذا تراهم للجماعة ناصروا
والتابعين لهم باحسان كذا
خرجوا ونصروا فاهتدوا بالأحتذا
فبهجرة مع نصرة كالسابقين
دعونا وبلغنا فكنا فائقين
ذاك المشاهد في البلاد والقري
الدين يرجع في الحياة يا تري
جماعات تبليغ مدارس سائرة
تجري بتعليم يذكر أخرة
ويهدي الي الحق من العقائد
والي صفات الدين والفوائد
نعم صفات المرسلين السابقين
وصفات طه والصحابة اجمعين
اذا صحبت الخارجين جماعة
عرفت هذا الحق انت حقيقة
وقلت ابن ديناراتانا مالك
بنفس هذا فالمخالف هالك

الانحراف عن الصراط المستقيم
والالتحاق بغيرنا هل يستقيم
والاتباع للنصاري واليهود
والاختلاط بغيرنا من الهنود
شبرا بشبر وذراعا بذراع
وهوالفساد والهلاك بالصراع

(സാരം) അല്ലാഹുവിൻെറ പരിശുദ്ധ ദീൻ തബ്ലീഗ് ചെയ്യൽ എല്ലാ മുസ്ലിംകൾക്കും നിർബന്ധമാകുന്നു. അത്കൊണ്ട് ഇസ്ലാം വളരുകയും കുററക്കാർ രക്ഷപ്പെടുകയും ചെയ്യുന്നു. നബി(സ)തങ്ങളും സ്വഹാബത്തും താബിഇൗങ്ങളും ചെയ്ത പരിശ്രമമാണ് തബ്ലീഗ്. മുർസലീങ്ങളുടെ വരവ് അവസാനിച്ചതിനാൽ തബ്ലീഗ് ഉമ്മത്തികളായ നമുക്ക് കടമപ്പെട്ടിരിക്കുന്നു. ഖൈർഉമ്മത്തായനമ്മോട് നബി(സ) തങ്ങൾ ഇത്കൊണ്ട് വസിയ്യത്ത് ചെയ്തിരിക്കുകയാണ്.

എന്നെതൊട്ട് മുഴുവൻ ഉമ്മത്തികൾക്കും നിങ്ങൾ ഇത് എത്തിച്ച് കൊടുക്കുക എന്ന് തങ്ങൾ പറഞ്ഞു. പ്രധാനികളായ സഹാബാക്കൾ ഒക്കയും തബ്ലീഗ് ജമാഅത്തുകളിൽ പുറപ്പെട്ട് പോയവരും അപ്രകാരം പുറപ്പെട്ട് വന്ന ജമാഅത്തുകളെ അവർ സഹായിച്ചിരുന്നതായും നിങ്ങൾക്ക് കാണാം. നൻമയിൽ അവരോട് പിൻപററിയ പിങ്കാമികൾ എല്ലാവരും അപ്രകാരം ദീനിൻെറ മാർഗ്ഗത്തിൽ പുറപ്പെടുകയും പുറപ്പെട്ടവരെ സഹായിക്കുകയും ചെയ്തതിനാൽ അവരും നേർവഴി പ്രാപിച്ചു ഹിജ്റത്ത്കൊണ്ടും നുസ്വ്റത്ത്കൊണ്ടും നമ്മുടെ മുങ്കാമികൾ വിജയിച്ചത് പോലെ നമ്മളും ദഉ്വത്തും

തബ്ലീഗും ചെയ്യുന്നപക്ഷം ഇക്കാലത്ത് നമുക്കും വിജയത്തിലെത്താൻ കഴിയും. മിക്ക രാജ്യങ്ങളിലും ഗ്രാമങ്ങളിലും അതേ യാഥാർത്ഥ്യം അനുഭവത്തിൽ കണ്ട് വരുന്നുണ്ട്. ദീനില്ലാത്ത മനുഷ്യരിൽ ദീനിയായ ജീവിതം തിരിച്ച് വരുന്നതായും അനുഭവത്തിൽ കാണുന്നു. ഇന്ന് നടക്കുന്ന തബ്ലീഗ് ജമാഅത്തുകൾ ഒരു നടക്കുന്ന മദ്രസ പോലെയാണ്. പരലോക ജീവിതത്തെ പരസ്പരം ഓർമപ്പെടുത്തിക്കൊണ്ട് പഠിച്ചും പഠിപ്പിച്ചും അത് നടക്കുന്നു. അത്കൊണ്ട് ആ ദഉ്വത്ത് യഥാർത്ഥ വിശ്വാസത്തിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കുന്നതും ശരിയായ ദീനീ ഗുണങ്ങളിലേക്കും നൻമയിലേക്കും അത് ജനങ്ങളെ ചേർക്കുകയും ചെയ്യുന്നതാണ്.

അതേ.: മുഴുവൻ അംബിയാ മുർസലുകളുടെ യഥാർത്ഥ സ്വിഫാത്തിലേക്കും ആദരവായ റസൂലുല്ലാഹി(സ) യുടേയും മുഴൂവൻ സ്വഹാബാക്കളുടേയും ഗുണ വിശേഷണങ്ങളിലേക്കും ചെന്ന് ചേരാനുള്ള മാർഗ്ഗവുമാകുന്നു. പുറപ്പെട്ട് പോകുന്ന ഏതെങ്കിലും ഒരു ജമാഅത്തിൻെറ കൂടെ നീ ഒന്ന് പോയി നോക്കിയാൽ ഇപ്പറഞ്ഞതെല്ലാം സത്യമാണെന്ന പരമാർത്ഥം യാഥാർത്ഥ്യമായി നിനക്ക് അനുഭവത്തിൽ മനസ്സിലാക്കാവുന്നതാണ്. മാലികിബ്നു ദീനാറും അനുയായികളും നമ്മുടെ നാട്ടിൽവന്നത് ഇതേ ദഉ്വത്തിൻെറ ഉദ്ദേശത്തിലായിരുന്നു എന്ന് നിങ്ങൾ പറയുന്നു. അപ്പോൾ തബ്ലീഗിനെ നിങ്ങൾ എതൃക്കുന്നത് വലിയ നാശത്തിന്ന് കാരണമാവുകയില്ലേ. തബ്ലീഗ് നമ്മൾ ചെയ്യാതിരുന്നാൽ ചൊവ്വായ മാർഗ്ഗത്തെ വിട്ട് ഉമ്മത്ത് തെററിപ്പോ കാൻ ഇടയാവുന്നതും നമ്മൾ നമ്മളല്ലാത്ത അമുസ്ലിംകളോട്

കൂടിച്ചേരലും വന്നാൽ. അത് നമ്മെ സൽപാന്ഥാവിലേക്ക് ഒരിക്കലും എത്തിക്കുകയില്ലല്ലോ.
അപ്പോൾ യഹൂദി നസ്വാറാക്കളോട് പിൻപററുന്ന അവസ്ഥ ഉമ്മത്തികളിൽ വരികയോ നമ്മളല്ലാത്ത അമുസ്ലിംകളിൽ നിന്ന് ആരൊടെങ്കിലും കൂടിക്കലരുകയോ ചെയ്ത് പോയാൽ ചാനോട് ചാനായും മുഴത്തോട് മുഴമായും നമ്മൾ അവരെ പിൻപററുന്ന അവസഥ നമ്മളിൽ വന്ന് കഴിഞ്ഞാൽ അത് വ്യക്തമായി നമ്മുടെ നാശത്തിനും അപകടത്തിന്നും കാരണമായി തീരുന്നതാണല്ലോ. അത്കൊണ്ട് നമ്മുടെ ദീനിൽ വന്ന് ഭവിച്ച് പോയതും വരാനിരിക്കുന്നതുമായ സർവ്വ നാശങ്ങളും പാടെ ഇല്ലാതായിത്തീരുന്നതിന്ന് വേണ്ടി മാത്രമാണ് ലോകമാസകലം ഇന്ന് ഈ തബ്ലീഗ് പ്രവർത്ഥനം നടന്ന് കൊണ്ടിരിക്കുന്നത്. എന്ന് എല്ലാവരും മനസ്സിലാക്കിയാൽ മതി.

ഉസ്താദ്: അബുൽ ഖൈറ് മൗലവി

തബ്ലീഗ് വിരോധം ഉമ്മത്തിന് തീരാനഷ്ടം

തബ്ലീഗിനെ ശരിയായി മനസ്സിലാക്കുക

അല്ലാഹു സുബ്ഹാനഹുവതആല നുബുവ്വത്തിൻെറയും രിസാലത്തിൻെറയും പരംബര ആദരവായ റസൂലുല്ലാഹി (സ)യോടെ അവസാനിപ്പിച്ചുവെങ്കിലും അത്വഴി അല്ലാഹുവും റസൂലും നടപ്പിലാക്കിയ ദഅ്വത്ത് പ്രവർത്ഥനവും തബ്ലീഗും അവസാനകാലം വരെ ഈ ഉമ്മത്തിൻെറ മേൽ അല്ലാഹു ഉത്തരവാദിത്തപ്പെടുത്തി വെച്ചിരിക്കുകയാണല്ലോ, ഇന്ന് എത്ര കോടി മുസ്ലിംകൾ ലോകത്ത് ജീവിച്ച് കൊണ്ടിരിക്കുന്നുവോ അവരിൽ എല്ലാ ഓരോരുത്തർക്കും എനി ഖിയാമത്ത് നാൾവരെ എത്രകോടി മുസ്ലിംകൾ ഈ ലോകത്ത് വരാനിരിക്കുന്നുവോ അവരിൽ എല്ലാ ഓരോരുത്തരും ഈ വലിയ ഉത്തരവാദിത്വം നിറവേററാൻ കടമപ്പെട്ടിരിക്കുകയാണ് തബ്ലീഗ്ചെയ്യലും ചെയ്യിപ്പിക്കലും എല്ലാ ഓരോ വ്യക്തികൾക്കും കടമപ്പെട്ടിരിക്കെ അറിഞ്ഞോ അറിയാതെയോ അതിനെ കുററപ്പെടുത്തുകയും നിരുൽസാഹപ്പെടുകയും ചെയ്യുന്നത് ഉമ്മത്തിന്ന് എത്ര വലിയ തീരാനഷ്ടമാണ് എന്ന് നാം തിരിച്ചറിയണം (തബ്ലീഗ്ചെയ്യൽ ലോകത്തുള്ള മുഴുവൻ മുസ്ലിം ഉമ്മത്തിൻെറയും കടമയും കർത്തവ്യവുമാണെന്ന് അല്ലാഹു പരിശുദ്ധഖുർആൻ ശരീഫിലൂടെയും റസൂലുല്ലാഹി(സ)യുടെ നിരവധി ഹദീസുകളിലൂടെയും വളരെ ശക്തവും വ്യക്തവുമായിത്തന്നെ നമ്മോട് കൽപിച്ച കാര്യമാണെന്നത് തീർച്ചയാണ്. **قل هذه سبيلي ا دعوا ا لي الله علي بصيرة انا ومن ا لتبعني** എൻെറയും എന്നോട് പിൻപറ്റിയ മുഴുവൻ മുസ്ലിംകളുടേയും ജോലി

ഉൾകാഴ്ചയോടും ഉത്തരവാദിത്വത്തോടും കൂടി ജനങ്ങളേ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കലാണെന്ന് നബിയേ താങ്കൾ അവരോട് പറയുക മുഹമ്മദുർ റസൂലുല്ലാഹി എന്ന കലിമ പറഞ്ഞ് വിശ്വസിച്ച മുഴുവ മനുഷ്യരും ഈ ആയതിൻെറ കൽപനകളിൽ ഉൾപെട്ടിരിക്കുകയാണല്ലോ. അറിവുള്ളവരെന്നോ അറിവില്ലാത്തവരെന്നോ യാതൊരു വിത്യാസവും കൂടാതെ ഉമ്മത്ത് മുഴുവനും എന്നാണ് ആയത്തിലെ നിർദ്ധേശം. ഇന്നോ ഇന്നലകളിലോ വിശ്വസിച്ച പുതുവിശ്വാസികൾക്ക് പോലും ഈ കൽപനകൾ ബാധകമാകുമല്ലോ. ഹജജതുൽവദാഇൽ വെച്ച് فليبلغ الشاهد منكم الغائب ഇവിടെ ഹാജറുള്ള നിങ്ങൾ ഓരോരുത്തരും ഇവിടെ ഹാജറില്ലാത്തവർക്ക് ഈ പരിശുദ്ധ ദീൻ എത്തിച്ച് കൊടുക്കുക എന്ന നബി തങ്ങളുടെ ഈ കൽപന കേട്ട സ്വഹാബാക്കളിലധിക പേരും ഭയപ്പെട്ട് വിറച്ചുപോയി. കാരണം അവിടെ സന്നിഹിതരായ സ്വഹാബാക്കളിൽ ഭൂരിപക്ഷം (ഒരു ലക്ഷത്തിൽ പരം സ്വഹാബാക്കളും അടുത്തടുത്ത കാലത്തായി ദിവസങ്ങൾക്കും ആഴ്ചകൾക്കും മാസങ്ങൾക്കും മുമ്പ് ദീൻ സ്വീകരിച്ച പുതു മുസ്ലിംകളായത് കാരണം: ഞങ്ങൾ തന്നെ ദീനിനെ കുറിച്ച് കൂടുതലൊന്നും പഠിക്കുകയോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ലല്ലോ. പിന്നെ എങ്ങിനെയാണ് മറ്റുള്ളവർക്ക് ഞങ്ങൾ ഇസ്ലാമിനെ എത്തിച്ച് കൊടുക്കുക എന്നവർ ഭയപ്പെട്ടു. അപ്പോൾ സ്വഹാബാക്കളുടെ ഈ വ്യശമാവസ്ഥ മനസ്സിലാക്കിക്കൊണ്ട് നബി(സ) അവരോട് بلغوا عني ولو آية നിങ്ങൾക്ക് അറിയുന്ന ഒരു കാര്യമാണങ്കിലും അത് നിങ്ങൾ മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുക എന്ന് പറഞ്ഞ്കൊണ്ട് നബി(സ)തങ്ങൾ അവരെ സമാധാനിപ്പിക്കുകയാണ് ഉണ്ടായത്. അപ്പോൾ നമുക്ക് അറിയുന്ന ഒറ്റ കാര്യമാണങ്കിലും അത് നമ്മൾ മറ്റുള്ളവർക്ക് തബ്ലീഗ് ചെയ്യണം യഥാർത്ഥത്തിൽ അല്ലാഹു

വും റസൂലും നമ്മോട് കൽപിച്ചതെന്ത്, നാം ഇന്ന് ചെയ്ത് കൊണ്ടിരിക്കുന്നതെന്ത്. എന്തെങ്കിലും അറിയുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനോ സ്വന്തമായി അറിയാത്ത കാര്യങ്ങൾ മറ്റുള്ളവരിൽനിന്ന് പഠിക്കാനോ വേണ്ടി ആരെങ്കിലും എവിടയെങ്കിലും ജമാഅത്തുകളായി പുറപ്പെടുകയോ പരിശ്രമിക്കുകയോ ചെയ്യുന്നവരെ പല ഭിന്നാഭിപ്രായങ്ങൾ പറഞ്ഞ് പിന്തിരിപ്പിക്കുകയും അറിവുള്ള ആലിമീങ്ങൾ അല്ലേ തബ്ലീഗ് നടത്തേണ്ടത്. നിങ്ങളൊക്കെ എന്തിനാണ് ഇതിന്ന് നടക്കുന്നത് എന്നൊക്കെ പറഞ്ഞ് ചിലർ ആക്ഷേപിക്കാറുണ്ട് എല്ലാവരും എല്ലാം പഠിച്ചിട്ടേ തബ്ലീഗ് ചെയ്യാവൂ എന്നൊന്നും ആരും എവിടെയും പറഞ്ഞിട്ടില്ലല്ലോ ഫത്‌വ കൊടുക്കാനും മത സ്ഥാപനങ്ങളിൽ പഠിപ്പിക്കാനും ആലിമീങ്ങൾ തന്നെ ആയിരിക്കണം എന്നത് ശരിയാണ് فسئلوا اهل الذكران كنتم لاتعلمون നിങ്ങളിൽ അറിവില്ലാത്തവർ അറിവുള്ളവരോട് ചോദിച്ച് പഠിച്ചുകൊള്ളട്ടെ എന്ന ഖുർആനിലെ രാജകൽപന അനുസരിക്കാതെ ലോകത്ത് കഴിഞ്ഞ് കൊണ്ടിരിക്കുന്ന കോടിക്കണക്കിന്ന് മുസ്ലിംകളെ ഇക്കാര്യം ഓർമ്മപ്പെടുത്താനും എല്ലാ ഓരോരുത്തരേയും പോയി കാണുകയും അറിയുന്ന കാര്യങ്ങൾ അവർക്ക് എത്തിച്ച് കൊടുക്കാനും സ്വന്തം അറിയാത്തത് മറ്റുള്ളവരിൽ നിന്ന് പഠിക്കാനും പഠിച്ചത് ഓരോന്നും ജീവിതത്തിൽ ഉണ്ടാക്കി തീർക്കാനുംവേണ്ടി മാത്രമാണ് തബ്ലീഗ് പ്രവർത്ഥനം ഇന്ന് ലോകാടിസ്ഥാനത്തിൽ നടന്ന്കൊണ്ടിരിക്കുന്നത്. ചിലർ പറയാറുണ്ട് വിവരമില്ലാത്ത കുറെ സാധാരണ ജനങ്ങൾ തബ്ലീഗിന്ന് പുറപ്പെട്ടിട്ട് എന്ത് പ്രയോജനം: ഇവർക്ക് ആരെങ്കിലും നന്നാക്കാൻ പറ്റുമോ എന്ന്. പക്ഷെ എത്രയോ ബുദ്ധിശാലികളും തത്വചിന്തകൻമാരും വിദ്ധ്യാസംബന്ധരും പണക്കാരും പാവപ്പെട്ടവരും ഓരോരുത്തരും അവന

വൻെറ വിലപ്പെട്ടസമയവും സംബത്തും ശരീരവും എടുത്ത് വലിയ ത്യാകാർപ്പണത്തോടെ സ്വന്തം നാട്ടിലും മറ്റ് വിദേശ രാജ്യങ്ങളിലേക്കും 40 ദിവസത്തേക്കും 4 മാസത്തേക്കും 10 ദിവസത്തേക്കും 3 ദിവസത്തേക്കും ഒക്കെ ജമാഅത്തുളായി പലപ്പോഴും പുറപ്പെടുന്നത്വെറും കളി തമാശക്ക് വേണ്ടിയാണെ ന്നാണോ നിങ്ങൾ മനസ്സിലാക്കുന്നത്? ഒരിക്കലുമല്ല പുറപ്പെടുന്ന എല്ലാ ഓരോരുത്തരുടേയും സൊന്തം ശരീരത്തിൽ ദീനനുസരിച്ചുള്ള ജീവിതം പരിശീലിപ്പിച്ച് തസ്കിയത് ചെയ്ത് എടുക്കുന്നതിന്നും വേണ്ടി മാത്രമാണ്: മറ്റുള്ളവരെ നന്നാക്കുക എന്ന ഉദ്ദേശത്തിലല്ല ആരും പുറപ്പെടുന്നത്. പക്ഷെ ഇതിൻെറ ബറക്കത്ത് കൊണ്ട് അല്ലാഹു മറ്റുള്ളവർക്കും നേർവഴി കിട്ടുന്നതിന്ന് ഇത് കാരണമാക്കുന്നുണ്ട്. എന്നത് ഒരു സത്യമാണ്. ഇപ്പോൾ ചിലർക്ക് ഒരു കുത്ത് ചോദ്യം.? സൊന്തം ശരീരത്തിൽ ദീൻ പരിശീലിപ്പിച്ച് എടുക്കുന്ന തിന്ന് ജമാഅത്തിൽ പുറപ്പെടീച്ചിട്ട് വേണോ? നാട്ടിൽ നിന്ന് കൊണ്ടും ദീൻ പരിശീലിച്ച് കൂടെ? ശരി എല്ലാ ഓരോരുത്തരും അവനവൻെറ നാട്ടിൽതന്നെയല്ലെ ഇന്ന് കഴിഞ്ഞ് കൂടുന്നത് പള്ളിം മദ്രസിം ഖാളിം ഉസ്താദുമാരും ഒക്കെ നാട്ടിലില്ലേ? എന്നിട്ടെന്തേ ജനങ്ങളിൽ പരിപൂർണ്ണ ദീൻ പരിശീലിച്ച് കാണാത്തത്? വെറും നിസ്കാരവും നോംബും ഹജ്ജും മാത്രമാണോ ദീൻ? ഏതൊരു മുസൽമാൻെറയും 24 മണിക്കൂർ ജീവിതവും അല്ലാഹുവിൻെറ ഇഷ്ഠത്തിനൊത്തും നബി(സ)യുടെ സുന്നത്തി നൊത്തും ആക്കിത്തീർക്കുന്നതിന്നാണ് ശരിക്ക് ദീൻ എന്ന് പറയുന്നത്. ഇതിൽ ആർക്കും തർക്കമില്ലല്ലോ. എന്നിട്ട് എന്താ നമ്മൾ അങ്ങിനെ ആവാത്തത്? (അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ത്യാകപിശ്രമം ചെയ്യുന്നവർക്ക് മാത്രമേ പരിപൂർണ്ണ ദീനും ഹിദായ

ത്തും നൽകുകയുള്ളു എന്ന അല്ലാഹുവിൻെറ തീരുമാ നത്തെ ഖുർആൻ ശരീഫിലൂടെ അല്ലാഹു ഉമ്മത്തിനെ അറിയിച്ചിട്ടുണ്ടല്ലോ അപ്പോൾ (പരിപൂർണ്ണ ദീനും ഹിദായത്തും എല്ലാ ഓരോരുത്തർക്കും കിട്ടുന്നതിന്ന് അല്ലാഹു അവൻെറ മാർഗ്ഗത്തിൽ പുറപ്പെട്ട് ത്യാക പരിശ്രമം ചെയ്യുന്നതിനെ നിർബന്ധ നിബന്ധനയാക്കി വെച്ചിരിക്കുകയാണ്. അത്കൊണ്ടാണ് പുറപ്പെടാത്ത വർക്ക് ശരിയായ ദീൻ ജീവിതത്തിൽ ഉണ്ടായി കാണാ ത്തത്)നാട്നീളേ എല്ലായിടത്തും തബ്ലീഗ് ജമാഅത്തി നെപറ്റി കുറ്റാരോപണങ്ങൾ പറഞ്ഞ് ഭീകരമാക്കി ഊതി വീർപിച്ച് ജനമദ്ധ്യേ പ്രജരിപ്പിക്കുന്ന ഒരൊറ്റ കാര്യമെ ങ്കിലും ഇന്ന് ലോകമൊട്ടുക്കും എത്രയോ കാലങ്ങളായി ജമാഅത്തിൽ പുറപ്പെട്ട് പരിശ്രമിക്കുന്ന ഒരാൾക്കും എവിടെനിന്നും ആരിൽനിന്നെങ്കിലും കേൾക്കാനോ കാണാനോ സാധിച്ചിട്ടില്ലല്ലോ, മഹാ അൽഭുതം തന്നെ: ഒരിക്കൽ പോയി പ്രവർത്ഥനം മനസ്സിലാക്കിയവൻ പിന്നെയും സന്തുഷ്ഠനായി പോകുന്നത് എന്ത്കൊണ്ട്? (ഏതായാലും കാര്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാ ക്കാതെ ഉമ്മത്ത് തമ്മിൽ തർക്കിച്ച് കലഹിച്ചത് കൊണ്ട് നമുക്ക്ആർക്കും നഷ്ടമല്ലാതെ ഒന്നും നേടാൻ കഴി യുകയില്ലല്ലോ: പരിശുദ്ധ ഖുർആൻെറ ഹൃദയമായ സൂറത് യാസീനിൽ ഒരുപ്രത്യേക സംഭവം നമ്മുടെ ഗുണപാഠത്തിന്ന് വേണ്ടി അല്ലാഹു വിവരിച്ചത് നോക്കുക. **واضرب لهم مثلا اصحاب القرية** ഒരു ഗ്രാമ വാസികളുടെ സംഭവം ഉദാഹരണമായി നബിയേ താങ്കൾ അവർക്ക് വിവരിച്ച് കൊടുക്കുക. **اذجاءها المرسلون** അന്നാട്ടിലേക്ക് തബ്ലീഗ്കാരുടെ ഒരു ജമാഅത്ത് വന്ന കഥ(ഓഹോ) അതെങ്ങനെ തബ്ലീഗ് കാരാകൽ. അന്ന് തബ്ലീഗ്കാരുണ്ടായിരുന്നോ? സാധാരണ ജനങ്ങളുടെ സംശയമാണിത് **اذارسلنااليهم اثنين** രണ്ട് പേരടങ്ങുന്ന ഒരു ജമാഅത്തിനെ നാം

അവരിലേക്ക് അയച്ചപ്പോൾ **فكذبوهما** അപ്പോൾ
അന്നാട്ടുകാർ അവര് രണ്ട്പേരേയും കളവാക്കി **فعززنا**
بثالث അപ്പോൾ മൂന്നാമത് ഒരാളെ കൂടി അയച്ച് ആ
ജമാഅത്തിനെ നാം ശക്തിപ്പെടുത്തി **فقالوا انااليكم**
مرسلون എന്നിട്ട് അവർ പറഞ്ഞു ഞങ്ങൾ
നിങ്ങളിലേക്ക് അയക്കപ്പെട്ട ദൂതൻമാരാകുന്നു എന്ന്
قالوا مانتم الا بشرمثلنا അപ്പോൾ അന്നാട്ടുകാര് പറഞ്ഞു
നിങ്ങൾ ഞങ്ങളെപോലുള്ള സാധാരണ മനുഷ്യരല്ലേ
നിങ്ങൾക്ക് ഞങ്ങളെ തബ്ലീഗ് ചെയ്ത് നേരാക്കാൻ
എന്ത് പ്രത്യേകതയാണുള്ളത് **وما انزل الرحمن من شيئ**
റഹ്മാനായഅല്ലാഹു അങ്ങിനെ യാതൊരുകാര്യവും
ഇറക്കിയിട്ടൊന്നുമില്ല **ان انتم الا تكذبون** നിങ്ങൾ
കളവാണ് പറയുന്നത് എന്നവർ പറഞ്ഞു. **قالوا ربنا يعلم**
انااليكمْ لمرسلون അപ്പോൾ തീർച്ചയായും ഞങ്ങൾ
നിങ്ങളിലേക്കയക്കപ്പെട്ട സത്യദൂതൻമാര്
തന്നെയാണെന്ന് ഞങ്ങളുടെ രക്ഷിതാവിന്ന് അറിയും
وماعليناالا البلاغ المبين വളരെ വ്യക്തമായി നിങ്ങൾക്ക്
തബ്ലീഗ് ചെയ്യലല്ലാതെ മറ്റൊരു കടമയും
ഞങ്ങൾക്കില്ലന്നും അവർ പറഞ്ഞു **قالوا انا تطيرنابكم**
നിങ്ങളെക്കൊണ്ട് ഞങ്ങളാകെ ശകുനം പിടിച്ച്
എടങ്ങേറായിരിക്കുന്നു എന്നും **لئن لم تنتهوا لنرجمنكم**
وليمسنكم مناعذاب اليم നിങ്ങൾ ഈ ഉപദേശങ്ങളും
തബ്ലീഗും നിറുത്തി ഇവിടന്ന് പോകാത്ത പക്ഷം
നിങ്ങളെ ഞങ്ങൾ എറിഞ്ഞ് കൊല്ലുകയും
വേദനാജനകമായ സിക്ഷകൾ നിങ്ങൾ അനുഭ
വിക്കേണ്ടി വരുമെന്നും പറഞ്ഞ് അവർ ഭീഷണിപ്പെടു
ത്തുകയും ചെയ്തു **قالوا طائركم معكم** നിങ്ങളുടെ
ശകുനക്കേടും മററും ആദ്യമേ നിങ്ങളുടെ കൂടത്തന്നെ
ഉള്ളതാണ് **ائن ذ كرتم** ഞങ്ങൾ നിങ്ങൾക്ക് നൻമകൾ

ഉപദേശിച്ചത് കൊണ്ടൊന്നും വന്നതല്ല **بل انتم قوم**
مسرفون എങ്കിലും നിങ്ങൾ അമിതമായി ദുർവ്യയം
ചെയ്യുന്ന ജനതയായത് കൊണ്ടാണ് നിങ്ങൾക്ക് അസ്വ
സ്ഥത വരാൻ കാരണം എന്നവർ പറഞ്ഞു: അങ്ങിനെ
ഈ വന്ന ജമാഅത്തിൻെറ സദുപദേശങ്ങൾ കേൾക്കാ
നോ അനുസരിക്കാനോ തയ്യാറാവാതെ അവരെ പരിഹ
സിച്ച് കളിയാക്കി പരസ്പരം തർക്കിച്ച് കൊണ്ടും
നിൽക്കുമ്പോൾ **وجاء من اقصي المدينة رجل يسعي** ഈ
വിവരങ്ങൾ കേട്ടറിഞ്ഞ് ഒരാൾ ആ പട്ടണത്തിൻെറ അറ്റ
ത്ത് നിന്ന് ഓടി വരികയും **قال ياقومي التبعوا المرسلين**
എന്നിട്ട് അദ്ദേഹം ഹോ എൻെറ ജനങ്ങളെ നിങ്ങൾ ഈ
തബ്ലീഗ്കാരെ പിൻപറ്റി അവരൊപ്പം കൂടിക്കോളീൻ
നിങ്ങൾക്ക് രക്ഷയുണ്ട് എന്ന്പറഞ്ഞു **اتبعومن لايسئلكم**
اجرا وهم مهتدون ഈ സത്യോപദേശത്തിന്ന് പകരം
യാതൊരു പ്രതിഫലവും അവർ നിങ്ങളോട്
ആവശ്യപ്പെടുന്നില്ലല്ലോ അവർ സ്വയം നേർവഴിക്ക്
നടക്കുകയും ചെയ്യുന്നല്ലോ. ഈ രണ്ട് പ്രത്യേക ഗുണ
ങ്ങളുള്ള ഈ സത്യദൂതൻമാരെ നിങ്ങൾ അനുസരിച്ച്
പിൻപറ്റിക്കോളിം എന്നൊക്കെ ആ ഓടി വന്ന മനുഷ്യൻ
അന്നാട്ടുകാരോട് പറഞ്ഞു. **ومالي لااعبدالذي فطرني واليه**
ترجعون എന്നെ സ്രഷ്ഠിക്കുകയും ഏത് ഒരുവനിലേക്ക്
എന്നെ മടക്കപ്പെടുകയും ചെയ്യുന്നുവോ അവനല്ലാതെ
മറ്റാർക്കും ആരാധിക്കൽ എനിക്ക് യോജിച്ചതല്ലന്നും
أأتخذ من دونه آلهة അവനല്ലാതെ മറ്റ് ആരെങ്കിലും ഞാൻ
ഇലാഹുകളാക്കുകയാണോ ? ഇല്ല ഒരിക്കലുമില്ല. **ان**
يردن الرحمن بضر لاتغن عني شفاعتهم شيأ ولاهم ينقذون
റഹ്മാനായ അല്ലാഹു എനിക്ക് വല്ല ബുദ്ധിമുട്ടും
ആക്കാൻ ഉദ്ദേശിച്ചിട്ടുണ്ടങ്കിൽ ആ ഇലാഹുകൾക്ക്
എന്നെതൊട്ട് യാതൊന്നും ശുപാർശ ചെയ്യാനോ
എന്നെ രക്ഷപ്പെടുത്താനോ സാദ്ധ്യമാവുകയില്ലല്ലോ

اني اذالفي ضلال مبين അപ്പോൾ അല്ലാഹു അല്ലാത്ത മറ്റവല്ല ആരാദ്ധ്യനേയും ആക്കുന്ന പക്ഷം ഞാൻ തീർച്ചയായും വ്യക്തമായ വഴി കേടിലാകുമല്ലോ اني أمنت بربكم فاسمعون അത്കൊണ്ട് നിങ്ങൾ ഏതൊരു അല്ലാവിലേക്കാണോ ജനങ്ങളെ ക്ഷണിക്കുന്നത് തീർച്ച യായും ആ അല്ലാഹുവിനെ കൊണ്ട് ഞാൻ ഇതാ വിശ്വ സിച്ചിരിക്കുന്നു നിങ്ങൾ ഇത് കേൾക്കുകയും നാളെ എനിക്ക് സാക്ഷികളാവുകയും ചെയ്യണം, ഇങ്ങിനെ ആ ഓടി വന്ന നല്ല മനുഷ്യൻ അന്നാട്ടുകാരോട് ഈ സത്യ ദൂതൻമാരെ പിൻപറ്റാൻ ഉപദേശിക്കുകയും അദ്ധേഹം അവരെ പിൻപറ്റി വിശ്വസിക്കുകയും എല്ലാം ചെയ്തപ്പോൾ അന്നാട്ടുകാർക്ക് അദ്ധേഹത്തോട് ദേഷ്യംവന്നു. ഓഹോ. ടോ നീയാണ് ഈ തബ്ലീഗ് കാരെ ഇങ്ങോട്ട് അയച്ചതല്ലേ, നിനക്ക് ഞങ്ങൾ കാണിച്ച്തരാ.ഇവനെ വിട്ടാൽ പറ്റുകയില്ല ഇനി ഇങ്ങനെ ഒരു വെളഞ്ഞ വിത്ത് ഇവിടെ ഉണ്ടാകാൻ പാടില്ല എന്നൊക്കെപറഞ്ഞ് അന്നാട്ടുകാർ എല്ലാവരും ഒന്നടങ്കം ആത്മാർത്ഥമായി അദ്ധേഹത്തെ പിടിച്ച്കെട്ടുകയും എറിഞ്ഞ് കൊല്ലുകയും ചെയ്തു: പക്ഷെ കൊല്ലപ്പെട്ട അദ്ധേഹം മറ്റൊരു കാഴ്ചയാണ് കാണുന്നത്.

قيل ادخل الجنة قال ياليت قومي يعلمون بماغفرلي ربي وجعلني من المكرمين നീ സ്വർഗ്ഗത്തിൽ പ്രവേശിച്ച് കൊള്ളുക എന്ന് അദ്ധേഹത്തോട് പറയപ്പെട്ടു അദ്ധേ ഹം പറഞ്ഞുപോയി. ഹാ , എൻെറ രക്ഷിതാവ് എനിക്ക് എല്ലാ പാപങ്ങളും പൊറുത്ത് തരികയും കറാമത്തുള്ള ആദരണീയരിൽ എന്നെ പെടുത്തിത്തന്നതിനേയും എൻെറ ഈ ജനത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് അദ്ധേഹം ആശിച്ച് പറയുന്നതാ യിട്ട് ഖുർആനിൽ അല്ലാഹു പറഞ്ഞ് തന്നിരിക്കുക യാണ്. എന്നിട്ട് وما انزلنا علي قومه من بعده من جند من السماء وما كنا منزلين ഈ സംഭവത്തിന്ന് ശേഷം

ആകാശത്ത് നിന്ന് ഒരു സൈന്യത്തെയൊന്നും ആ ജനതയുടെ മേൽ നാം ഇറക്കിയില്ല. അങ്ങിനെ ഇറക്കുന്ന പതിവും നമുക്കില്ല ان كانت الا صيحة واحدة فاذاهم خامدون അവർക്കുള്ള സിക്ഷ ഒരൊറ്റ ഘോര അട്ടഹാസം മാത്രമായിരുന്നു. അപ്പോഴതാ അവർ ഒന്ന ടങ്കം കെട്ടടങ്ങി നിലം പതിച്ചു പോയി. ഈ സംഭവത്തെ തുടർന്ന് അല്ലാഹു പറയുന്നു ياحسرة علي العباد مايأتيهم من رسول الا كانوا به يستهزؤن എൻെറ അടിമകളുടെ കാര്യം വലിയ ഖേദകരം തന്നെ. അവരടുത്ത് ചെല്ലുന്ന ഒരൊറ്റ തബ്ലീഗ്കാരെയും അവർ പരിഹസിച്ച് കളിയാ ക്കാതെ വിട്ടിട്ടേഇല്ലന്ന് സൃഷ്ഠാവായ നമ്മുടെ അല്ലാ ഹു അവൻെറ അടിമകളുടെ മേൽ വളരെ വേദനപ്പെട്ട് പറയുന്നതായി സൂറത് യാസീനിലൂടെ നമ്മോട് പറഞ്ഞിരിക്കുകയാണ് (വിശധീകരണം) ബഹുമാന പ്പെട്ട ഈസ നബി(അ)ൻെറ അനുയായികളിൽപെട്ട ഹവാറിയ്യാക്കളിൽ നിന്ന് രണ്ട്പേരേ അൻഥ്വാകിയ പട്ടണത്തിലെ ഒരു ഗ്രാമത്തിലേക്ക് തബ്ലീഗ് ചെയ്യാൻ വേണ്ടി ഈസാ നബി(അ) അയച്ചപ്പോൾ അന്നാട്ടുകാർ അവരെ പരിഹസിച്ച് കളിയാക്കി അപ്പോൾ ഈസാ നബി മൂന്നാമത് ഒരാളെക്കൂടി അക്കൂട്ടത്തിലേക്ക് അയച്ച് ആ ജമാഅത്തിനെ ശക്തിപ്പെടുത്തുകയും അങ്ങിനെ അവർ മൂന്ന് പേരുംകൂടി അവരുടെ ദേവാലയത്തിൽ ചെന്നു. അപ്പോൾ ജനങ്ങൾ തടിച്ച്കൂടി നിങ്ങൾ ആരാണ് എവിടന്നാണ് എന്തിനാ വന്നത്? എന്നൊക്കെ ചോദിച്ചു ഞങ്ങൾ ഈസ നബിയുടെ കൽപന പ്രകാരം നിങ്ങൾക്ക് തബ്ലീഗ് ചെയ്യാൻ വേണ്ടി അയക്കപ്പെട്ട തബ്ലീഗ്കാരാണ് എന്നവർ പറഞ്ഞു. ഓ ഹോ. നിങ്ങളൊക്കെ കൂടിയാണോ ഇപ്പോൾ നമ്മളൊക്കെ നന്നാക്കാനും നേരെയാക്കാനും വന്നിരിക്കുന്നത് നിങ്ങൾ ഞങ്ങളെപോലുള്ള സാധാരണ മനുഷ്യരല്ലേ നിങ്ങൾ

ക്ക് എന്ത് പ്രത്യേകതയാണുള്ളത് എന്നൊക്കെ പറഞ്ഞ് പരിഹസിച്ച് ബുദ്ധിമുട്ടിക്കാൻ തുടങ്ങി. റഹ്മാനായ അല്ലാഹു അങ്ങിനെ ഒന്നും തന്നെ ഇറക്കിയിട്ടില്ല നിങ്ങൾ കളവ് പറയുകയാണ്. അപ്പോൾ തീർച്ചയായും ഞങ്ങൾ നിങ്ങളിലേക്ക് അയക്കപ്പെട്ട സത്യ ദൂതൻമാരാ ണെന്ന് ഞങ്ങളുടെ രക്ഷിതാവിന്ന് അറിയാം. നിങ്ങളെ ല്ലാവരും കൂടീട്ട് ഞങ്ങൾ പിഴച്ചവരാണെന്നും പുത്തനാ ശയക്കാരാണെന്നും പറഞ്ഞത് കൊണ്ടൊന്നും ഞങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല വ്യക്തമായ നിലയിൽ നിങ്ങ ൾക്ക് തബ്ലീഗ് നടത്താനല്ലാതെ മറ്റൊന്നും ഞങ്ങ ൾക്ക് കടമയുമില്ല എന്നൊക്കെ ആ ദൂതൻമാർ പറഞ്ഞ പ്പോൾ അന്നാട്ടുകാർക്ക് ദേഷ്യം വരികയും നിങ്ങളെ കൊണ്ട് ഞങ്ങൾ ശഗുനംപിടിച്ച് എടങ്ങേറായിരിക്കുന്നു എപ്പോൾ നോക്കിയാലും നിങ്ങളുടെ ഒരു തബ്ലീഗ് തന്നെ. സ്വർഗ്ഗും നരകും പരലോകും മഹ്ശറും വീട്ടിലി രുന്നാൽ അവിടെയും കടകളിലായാലും പാർക്കിലാ യാലും ആൾ കൂടുന്നിടത്തൊക്കെ വന്ന് ഞങ്ങളെ ശല്ല്യം ചെയ്യൽ. നിങ്ങളെ ഈ ശല്ല്യവും തബ്ലീഗും നിറുത്തി ഇവിടന്ന് പോകാത്തപക്ഷം നിങ്ങളെ ഞങ്ങൾ എറിഞ്ഞു കൊല്ലുകയും വേദനാ ജനകമായി നിങ്ങളെ സിക്ഷിക്കുകയും ചെയ്യുമെന്ന് അവർ ഭീഷണിപ്പെടു ത്തി. നിങ്ങളുടെ ഈ ശകുനക്കേടും എടങ്ങേറുമൊക്കെ നിങ്ങളുടെ മോശമായ പ്രവർത്ഥനവും ദുർവ്യയവും കാരണമായി നിങ്ങൾക്ക് ആദ്യമേ ഉള്ളതല്ലാതെ ഞങ്ങൾ നിങ്ങൾക്ക് സദുപദേശം ചെയ്യാൻ വന്നത് കൊണ്ടൊന്നും വന്നതല്ല എന്നവർ പറഞ്ഞു. അങ്ങിനെ ഈ വന്ന ജമാഅത്തിനെ അനുസരിക്കാനോ സ്വീകരി ക്കാനോ തെയ്യാറാവാതെ അവരുമായി പരസ്പരം തർക്കിച്ചും കളിയാക്കി പരിഹാസത്തോടെ പുറത്താ ക്കാനും നിൽക്കുന്നവിവരം അന്നാട്ടിലെ അങ്ങേഅറ്റത്ത് താമസിക്കുന്ന ഹബീബുന്നജ്ജാർ എന്നയാൾ

കേൾക്കുകയും അദ്ധേഹം അവരിലേക്ക് ഓടിവരികയും ചെയ്തിട്ട് ഹോ. ജനങ്ങളേ ഈ തബ്ലീഗ്കാരെ ഒപ്പം കൂടിക്കോളിം നിങ്ങൾക്ക് രക്ഷയുണ്ട്. നിങ്ങൾക്ക് സദുപദേശവും തബ്ലീഗും ചെയ്യുന്നതിന്ന് നിങ്ങളൊട് യാതൊരു പ്രതിഫലവും അവർ ആവശ്യപ്പെടുന്നില്ല ല്ലോ. അവർ സ്വന്തമായി നേർവഴിയിൽ നടക്കുകയും ചെയ്യുന്നല്ലോ അത്കൊണ്ട് ഈ സത്യ ദൂതൻമാരെ കളവാക്കാനും പരിഹസിക്കാനും മിനക്കെടാതെ അവ രെ അനുസരിച്ചോളിം. കാരണം ഞാൻ എൻെറ നാട്ടിൽ മരം കൊണ്ടും മറ്റും പ്രതിമകളും രൂപങ്ങളും ഒക്കെ ഉണ്ടാക്കി വിറ്റ്കിട്ടുന്ന കാശ്കൊണ്ട് കുടിച്ചും മതിച്ചും വളരെ മോശമായി ഇഷ്ഠാനുസരണം ജീവിച്ചിരുന്ന ഒരാളായിരുന്നു. കുറച്ച് ദിവസം ഞാൻ ഈ സത്യോപ ദേശികളായ ഈ തബ്ലീഗ്കാരുടെ സദുപദേശങ്ങളും സൽസ്വഭാവങ്ങളും എല്ലാം കണ്ട് ഇവരെ കൂട്ടത്തിൽ കുറച്ച് ദിവസംകൂടി നടന്നതിൻെറ പേരിൽ എൻെറ പഴയ ദുശ്ശീലങ്ങളും മോശമായ ജീവിതങ്ങളുമൊക്കെ മാറി നേർവഴിക്ക് ജീവിക്കാൻ സാധിച്ചത് ഇവർ കാരണ മായിരുന്നു. അത്കൊണ്ട് നിങ്ങൾ ഇവരൊപ്പം കൂടി ക്കോളിം എന്ന്ഒക്കെ അദ്ധേഹം പറഞ്ഞപ്പോൾ അന്നാട്ടുകാർക്ക് ദേഷ്യംവന്ന് ഇദ്ധേഹത്തിൻെറ നേരെ തിരിഞ്ഞു. ഓ;ഹോ; നീയാണ് എടോ; ഇവരെ ഇങ്ങോട്ട് പറഞ്ഞയച്ചതല്ലെ; നിന്നെ ഞങ്ങൾ വെറുതെ വിടില്ല. ഇമ്മാതിരി ഒരു വെളഞ്ഞവിത്ത് ഇനി ഇവിടെ ഉണ്ടാകാൻ ഞങ്ങൾ അനുവദിക്കില്ല ഇത് മുളയിലെ നുള്ളിക്കളയാഞ്ഞാൽ പറ്റൂകയില്ല എന്നൊക്കെ പറഞ്ഞ് അന്നാട്ടുകാർ എല്ലാവരുംകൂടി വലിയ ആഹ്ലാദത്തോടെ അദ്ധേഹത്തെ പിടിച്ച്കെട്ടുകയും എറിഞ്ഞ് കൊല്ലുക യും ചെയ്തു. പിറ്റേന്ന് പീടിക കോലായികളിലും മുറു ക്കാൻ കടകളിലും പാർക്കിലും ആൾകൂടുന്ന എല്ലായി ടത്തും ആഹ്ലാദത്തോടെ പരസ്പരം സംസാരമായി

എല്ലാ... നിങ്ങളറിഞ്ഞില്ലേ? ഇന്നലെ ഇവിടെ ഒരു തബ്‌ലീഗ് ജമാഅത്ത് വന്നകഥ; അവരെ നമ്മൾ അടിച്ച് ആട്ടി. ഓടിച്ച്‌വിട്ടു; അവരെ സഹായിക്കാൻ വേറൊരു ഫകയൻ വന്നു അവനെ നമ്മൾ എറിഞ്ഞ് അങ്ങ് കൊന്ന് നരകത്തിലേക്ക് കയറ്റി അയച്ചു. ഇങ്ങിനെ ജനങ്ങൾ പരസ്പരം പറഞ്ഞ് ചിരിച്ച് കളിച്ച് മദിച്ച് നടക്കുകയാണ്. അപ്പോഴതാ പെട്ടെന്ന് അല്ലാഹുവിൻെറ ഭാഗത്ത്നിന്നും സിക്ഷയായി ഒരൊറ്റ ഘോര അട്ടഹാസം അവർക്ക് പിടിപെട്ടു. അന്നാട്ടുകാർ ഒന്നടങ്കം അത കിടക്കുന്നു. കളിയാക്കി ചിരിച്ച് പാടി രസിച്ച് നടന്നവരൊക്കെ കെട്ടടങ്ങി നിലം പതിക്കുകയാണ് ഉണ്ടായത്; പക്ഷെ കൊല്ലപ്പെട്ട ആ മനുഷ്യൻ ഹബീബുന്നജ്ജാർ മറ്റൊരു കാഴ്ചയാണ് കാണുന്നത്. അദ്ധേഹത്തിന്ന് കഴിഞ്ഞ്പോയ മുഴുവ പാപങ്ങളും പൊറുത്ത് കിട്ടുകയും കറാമത്തുള്ള ഔലിയാക്കളിൽ ഉൾപെടുത്തുകയും സ്വർഗ്ഗത്തിൽ കയറാനുള്ള അനുവാദം കിട്ടുകയും ചെയ്തു വെന്നും. ഈ സ്വർഗ്ഗീയ കാഴചകളെല്ലാം കണ്ടിട്ട് അദ്ധേഹം എനിക്ക് കിട്ടിയ ഈ മഹാഭാഗ്യവും മഹത്തായ അനുഗ്രഹങ്ങളെ പറ്റിയും എൻെറ ഈ ജനങ്ങൾ അറിഞ്ഞിരുന്നങ്കിൽ എത്ര നന്നായിരുന്നു എന്ന് അദ്ധേഹം ആശിച്ച് പറയുന്നതായിട്ട് സൂറത്ത് യാസീനിൽ അല്ലാഹു നമുക്ക് ഗുണപാഠത്തിന്ന് ഇക്കാര്യം വിവരിച്ച് തന്നിരിക്കുകയാണ്: ഈസ നബി(അ) ആണ് അർഥാകിയാ പട്ടണത്തിലേക്ക് രണ്ടാളെ തബ്‌ലീഗ്ന് വേണ്ടി അയച്ചതും മൂന്നാമത്തെ ആളെ അയച്ച് ജമാഅത്തിനെ ശക്തിപ്പെടുത്തിയതും. പക്ഷെ ഈ സംഭവത്തെ പറ്റി വളരെ അന്തസ്സോടും അഭിമാനത്തോടും കൂടി നാമാണ് അവരെ അയച്ചത് എന്ന് അല്ലാഹു നേരിട്ട് ഖുർആനിൽ നമ്മോട് പറയുംബോൾ എന്താണ് നമുക്ക് അതിൽ നിന്ന് ഒക്കെ

ഗുണപാഠം മനസ്സിലാക്കാനുള്ളത്. എന്നാം ചിന്തിക്കണം. ഇപ്പോൾ അല്ലാഹുവിൻെറ കൽപന പ്രകാരം **كنتم خير امة اخرجت للناس تأمرون بالمعروف وتنهون عن المنكر** എന്ന ആയത്തിൻെറ അടിസ്ഥാനത്തിൽ നബി തങ്ങളുടെ ഇന്നുള്ള ഉമ്മത്തികളായ നമ്മൾ അല്ലാഹുവിൻെറ പരിശുദ്ധ ദീൻ ലോകത്ത് നിലനിൽക്കാനും ദീനിൻെറ ഉയർച്ചക്കും വേണ്ടി ആത്മാർത്ഥമായി ലോകംമുഴുവനും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പുറപ്പെട്ട് തബ്‌ലീഗ് പ്രവർത്ഥനം ചെയ്യുംബോൾ നമ്മെ ആര് അയക്കുന്നു. അല്ലാഹു അയക്കുന്നു. (അതാണ്) നബി തങ്ങളുടെ കൽപന പ്രകാരം തബ്‌ലീഗിന് പുറപ്പെട്ട ബഹു:റിബ്ഇയ്യിബ്നു ആമിർ(റ)ൻെറ ജമാഅത്ത് റുസതും രാജാവിൻെറ കൊട്ടാരത്തിൽ ചെന്നപ്പോൾ റുസ്തും ചോദിച്ചു നിങ്ങൾ ഞങ്ങളുടെ ഈ പച്ച പിടിച്ച ഭൂ പ്രദേശമെല്ലാം പിടിച്ചടക്കാൻ വേണ്ടി വ്യാമോഹിച്ച് വന്നതാണോ എന്ന് റുസ്തും ചോദിച്ചപ്പോൾ ഞങ്ങൾ നിങ്ങളുടെ യാതൊന്നും ആഗ്രഹിച്ച് വന്നവരല്ല **نحن قوم ابتعثن الله لنخرج العباد من عبادة العباد الي عبادة رب العباد** ഞങ്ങളെ അല്ലാഹു നിയോകിച്ചയച്ചിരിക്കുന്ന ഒരു ജനതയാണ്. അടിമകൾക്ക് അരാധിക്കുന്നതിൽ നിന്നും അടിമകളെ മോജിപ്പിച്ച്. അടികളുടെ ഒടമസ്ഥനും നിയന്താവുമായ അല്ലാഹുവിന്ന് മാത്രം ആരാധിക്കുന്നവരാക്കാൻ വേണ്ടി അയക്കപ്പെട്ട് വന്നവരാണ്. അല്ലാഹുവാണ് ഞങ്ങളെ നിയോകിച്ച് അയച്ചത് എന്ന് റിബ്ഇയ്യിബ്നു ആമിർ(റ) പറയുബോൾ എന്താണ് നാം മനസ്സിലാക്കേണ്ടത്. ഇപ്പോൾ അല്ലാഹുവും അവൻെറ റസൂലും ഏററെടുത്ത് നടപ്പിലാക്കുന്ന ഒരു പ്രവർത്ഥനത്തേയും പ്രവർത്ഥകരേയും ബുദ്ധിമുട്ടിക്കുകയും പരിഹസിക്കുകയും വരുന്ന ജമാഅത്തുകളെ പള്ളിയിൽ നിന്ന് ആട്ടി വിടുകയും വേറെ എവിടെയെങ്കിലും പോയി ഇരുന്നാൽ അവിടെ

യും ശല്ല്യപ്പെടുത്തുകയും ഒക്കെചെയ്യുന്ന പക്ഷം എന്തായിരിക്കും അപകടമെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാം. നബി തങ്ങളുടെ ഈ ഉമ്മത്തുകൾക്ക് പെട്ടെന്നുള്ള സിക്ഷകളെ അല്ലാഹു മാററി വെച്ചിട്ടില്ലായിരുന്നുവെങ്കിൽ അന്നാട്ടുകാർക്ക് പിടിപെട്ട പോലുള്ള സിക്ഷ ദുനിയാവിൽ വെച്ച്തന്നെ ഇത്തരക്കാർക്കും അനുഭവിക്കേണ്ടി വരുമായിരുന്നില്ലേ? പക്ഷെ എന്ത്സത്യം കണ്ടാലും പിടിവാശി കാരണം ഒരു സത്യവും അംഗീകരിക്കാനോ ചിന്തിച്ച് കാര്യം ഉൾക്കൊള്ളാനോ ശൈഥ്വാൻ ആരെയും വിടുന്നില്ല എന്നതാണ് യാഥാർഥ്യം.

وا سئلهم عن ا لقرية ا لتي كانت حاضرة ا لبحر - ا لي آخرالآية

എന്ന ഈ ആയത്തിലൂടെ ശനിയാഴ്ച ദിവസം മൽസ്യപിടുത്തം വിലക്കപ്പെട്ട ഒരു നാട്ടുകാരുടെ സംഭവം ഗുണപാഠത്തിന്ന് വായിക്കുക

ഒരു കടൽതീര പ്രദേശത്ത് താമസിക്കുന്ന ഒരു നാട്ടുകാരോട് ശനിയാഴ്ച ദിവസങ്ങളിൽ മൽസ്യബന്ധനവും ദുന്യവിയായ മററ് ഇതര ജോലികളിലും പ്രവേശിക്കാതെ വേഗം പള്ളികളിൽ പോയി ഇബാദത്ത് എടുക്കാൻ കൽപിക്കപ്പെടുകയും അപ്രകാരം അവർ ചെയ്ത് പോരുകയും ചെയ്ത്കൊണ്ടിരിക്കെ അവരെ കൂട്ടത്തിലാരോ അല്ലാഹുവിനോട് തെററ്ചെയ്യുകയും അക്കാരണത്താൽ അല്ലാഹു അവർക്ക് കടുത്ത പരീക്ഷണം കൊടുക്കാൻ തീരുമാനിക്കുകയും അങ്ങിനെ ശനിയാഴ്ച ദിവസങ്ങളിൽ മാത്രം കടലിൽ മൽസ്യങ്ങൾ നിറയെ വന്ന് കാണുകയും മററ് ദിവസങ്ങളിൽ തീരെ മൽസ്യങ്ങൾ വരാതിരിക്കുകയും ചെയതപ്പോൾ ഈ കടുത്ത പരീക്ഷണത്തിൽ അകപ്പെട്ട് അവരും കുടുംബങ്ങളും ക്ഷാമത്തിലും പട്ടിണികളിലുമായി കഴിഞ്ഞ് കൊണ്ടിരിക്കുംബോൾ അന്നാട്ടിൻെറ അപ്പുറത്ത് നിന്ന് ഒരു മാന്യവെക്തിയെ

പോലെ ചമഞ്ഞ് ശൈഥ്വാൻ അവരിലേക്ക് പ്രത്യക്ഷപ്പെടുകയും അന്നാട്ടുകാരെ ഒന്നടങ്കം ഒരുമിച്ച്കൂട്ടി പറഞ്ഞു നിങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് വലിയ പരീക്ഷണം നേരിട്ടിരിക്കുന്നുവെന്നും നിങ്ങൾ കടുത്ത പട്ടിണിയിലാണെന്നും അറിഞ്ഞു. അത്കൊണ്ട് നിങ്ങളാരും തന്നെ കടലിൽ ഇറങ്ങുകയോ മൽസ്യം പിടിക്കുകയോ ചെയ്ത് പോകരുത് മുൻ കഴിഞ്ഞ ജനങ്ങളെ തെററിൻെറ പേരിൽ അല്ലാഹു സിക്ഷിച്ച പല സംഭവങ്ങളും നിങ്ങൾക്ക് അറിയാമല്ലോ. പക്ഷെ നിങ്ങൾക്ക് ഈ അവസ്ഥ ഇനിയും തുടരുകയാണങ്കിൽ നിങ്ങളും കുടുംബങ്ങളും കടുത്ത പട്ടിണിയാൽ മരിക്കേണ്ടിവരുമല്ലോ. അത്കൊണ്ട് നിങ്ങളോരോരുത്തരും നിങ്ങളുടെ പരിസരത്തുള്ള കടൽ തീരങ്ങളിൽ ഓരോകുഴി കുഴിച്ച് വെക്കുകയും ശനിയാഴ്ച ദിവസങ്ങളിൽ കൂട്ടമായി വരുന്ന മൽസ്യം അതിൽ തങ്ങിനിൽക്കുകയും ശനി അല്ലാത്ത ദിവസങ്ങളിൽ നിങ്ങൾക്ക് അതിനെ പിടിച്ച് നിങ്ങളുടെ പട്ടിണി മാററുകയും ചെയ്യാമല്ലോ എന്നൊക്കെ ശൈഥ്വാൻ അവരോട് പറഞ്ഞ് ഉപദേശിച്ച് പോവുകയും. ഇത് നല്ല ഒരൈദ്യ തന്നെയാണെന്ന് പറഞ്ഞ് അവരിൽ ചിലർ കുഴിഎടുക്കാനും മററും തുടങ്ങിയപ്പോൾ മററ് ചിലർഅവരെ ആ ദുശ്പ്രവർത്തിയിൽ നിന്ന് തടയാനും അവരെ ഉപദേശിക്കാനും തബ്ലീഗ് ചെയ്യാനും തുടങ്ങി. അപ്പോൾ മറെറാരു വിഭാഗം അവരെ നിരുൽസാഹപ്പെടുത്തി ആക്ഷേപിച്ച് കൊണ്ടിപ്രകാരം പറഞ്ഞു. അല്ലാഹു ഹലാക്ക് ആക്കാനും കഠിനമായി സിക്ഷിക്കാനും തീരുമാനിച്ച ഈ ജനങ്ങളോട് ഉപദേശിക്കണ്ട വല്ല കാര്യവും നിങ്ങൾക്കുണ്ടോ. അവർ ചെയ്ത തെററിന്ന് സിക്ഷ അവർക്കല്ലേ. നിങ്ങൾക്ക് വേറെ പണി ഒന്നുമില്ലേ എന്നൊക്കെ പറഞ്ഞ് ആക്ഷേപിച്ച്കൊണ്ട് അവർ നല്ലവൻമാരായി ഇബാദത്തിന്ന്

വേകം പള്ളിയിലേക്ക് പോയി. അല്ലാഹുവിങ്കൽ കാരണം ബോധിപ്പിക്കാനും ഒരു പക്ഷെ ഞങ്ങളുടെ സദുപദേശം കൊണ്ട് അവർ നേർവഴി പ്രാപിക്കാനും മതിയാകുമല്ലോ എന്ന് ആക്ഷേപിച്ചവർക്ക് മറുപടിയായി അവർപറഞ്ഞു. അങ്ങിനെ അന്നത്തെ ദിവസം വൈകുന്നേരം എല്ലാവരും സാധാരണ പോലെ അവരവരുടെ വീടുകളിൽപോയി അന്തിയുറങ്ങുകയും കടൽതീരത്ത് കുഴികുഴിച്ചവർക്കും അവരെ ഉപദേശിക്കാൻ വന്ന തബ്‌ലീഗ്കാരെ ആക്ഷേപിച്ച് വേഗം പള്ളിയിൽ പോയവർക്കും അതേ രാത്രിയിൽ അല്ലാഹുവിങ്കൽ നിന്ന് കഠിനമായ സിക്ഷ പിടി പ്പെടുകയും.' കടലോരത്ത് കുഴി എടുത്തവരെ കുരങ്ങു കളായും അവരെ അതിൽനിന്ന് തടയാൻ നിന്ന തബ്‌ലീഗ് പ്രവർത്തകരെ ആക്ഷേപിച്ച് നേരത്തെ പള്ളി യിൽ പോയവരെ പന്നികളായും കോലം മറിക്കുകയും ചെയ്തു. സദുപദേശികളായ തബ്‌ലീഗ്കാരെ മാത്രം അതിൽനിന്ന് അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു എന്നാണല്ലോ ഖുർആനിക ചരിത്രത്തിലൂടെ അല്ലാഹു നമ്മുടെ ഗുണപാഠത്തിന്ന് പറഞ്ഞ് തന്നിരിക്കുന്നത്. അല്ലാഹുവിൻെറ വിധി വിലക്കുകൾക്ക് വിരുദ്ധമായി തെററ്കുററങ്ങൾ ചെയ്ത് നടക്കുന്നവരെ നമ്മൾ എന്തിന് ഉപദേശിക്കണം. അവരുടെ തെററിന്ന് അവർ ക്കല്ലെ സിക്ഷ കിട്ടുന്നത് നരകത്തിലേക്ക് പോകാനും ആളുകൾ വേണ്ടേ എന്നൊക്കെ ചിന്തിക്കുകയും പറയു കയും ചെയ്യുന്നവർക്കുള്ള കടുത്ത താക്കീതാണ് ഈ ആയത്തിലൂടെ മനുഷ്യർക്ക് അല്ലാഹു നൽകിയിരിക്കു ന്നത്. നേർക്കു നേരെ ചിന്തിച്ച്കാര്യം മനസ്സിലാക്കുക.

(എനി സ്വൂറത്തുൽഅസ്‌റിലൂടെ)

അല്ലാഹു നമ്മോട് പറഞ്ഞത് ശ്രദ്ധിക്കുക. കാലത്തെ പിടിച്ച് സത്യം ചെയ്ത്കൊണ്ട് അല്ലാഹു പറയുന്നു. തീർച്ചയായും മനുഷ്യൻ മുഴുവനും നഷ്ടത്തിൽതന്നെ

യാണ് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുക യും സത്യം കൊണ്ടും ക്ഷമ കൊണ്ടും പരസ്പരം ഉപദേ ശിക്കുകയും ചെയ്തവർഒഴികെ. എന്താണ് എത്ര വലിയ ഗുണപാഠമാണ് നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാനുള്ളത്. വിശ്വസിക്കേണ്ട മുഴുവൻ കാര്യങ്ങളിലും വിശ്വസിക്കുകയും എന്തൊക്കെ സൽക്കർമ്മങ്ങളുണ്ടോ അതൊക്കെ ചെയ്യലും നമ്മുടെ എല്ലാ ഓരോരുത്തരുടേയും സ്വന്തം ശരീരത്തിൻെറ കടമയും. സത്യോപദേശവും ക്ഷമോപദേശവും ഉമ്മത്തിലെ മറ്റുള്ളവർക്ക് വേണ്ടി നമ്മൾ ഓരോരുത്തരും ചെയ്യേണ്ടുന്ന കടമയുമാണ്. ഈ സൂറതിൽ പ്രത്യേകമായി നമ്മുടെ രക്ഷക്ക് വേണ്ടി പറഞ്ഞ ഈ നാൽകാര്യങ്ങളും ശരിക്ക് ചെയ്യുന്ന വരായി നമ്മിലെത്ര പേര് ഇന്ന് ലോകത്ത് കാണും. ചിന്തിച്ച് പരിഹാരം കാണേണ്ടതല്ലേ? സൂറത്തിൻെറ ആദ്യം പറഞ്ഞ രണ്ട് കാര്യങ്ങൾ വിശ്വാസങ്ങളും സൽകർമ്മങ്ങളും ഉള്ളവരായി ധാരാളം പേർ ഇന്നുണ്ട ങ്കിലും അല്ലാഹു വിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് പോലും നമ്മെ മാററി നിറുത്താൻ കഴിവില്ലാത്ത വിധം നമ്മുടെ ആ ഈമാൻ ബലഹീനമായി പോയില്ലെ. അവസാനമായി പറഞ്ഞ രണ്ട് കാര്യങ്ങൾ സത്യോപ ദേശമോ ക്ഷമോപദേശമോ ചെയ്യുന്നവരായി ഇന്ന് ആരാണുള്ളത്? ആരെങ്കിലും എന്തെങ്കിലും ആരോടെ ങ്കിലും ഒററപ്പെട്ട കാര്യങ്ങൾ വല്ലപ്പോഴും പറയുന്നുണ്ട ന്നല്ലാതെ അത്മുഴുവൻ മുസ്ലിംകൾക്കും അല്ലാഹു നിർബന്ധമാക്കിയ ഒരു കൽപനയാണെന്നുള്ള കാര്യം നമ്മൾ ആരുംതന്നെ കണക്കിലെടുക്കുന്നില്ലങ്കിൽ എത്ര വലിയ നാശത്തിലേക്കാണ് നമ്മൾ ചെന്നെത്തുക. പരി പൂർണ്ണമായ സത്യോപദേശവുമായി നാം ജനങ്ങളി ലേക്ക് ചെല്ലുമ്പോൾ അവർ മുഖം ചുളിച്ച് മോശമായി പ്രതികരിക്കാനും അറപ്പും വെറുപ്പും എതിർപ്പുകളു

മെല്ലാം കാണിക്കാനും ഇടയുള്ളതിനാൽ നാംഅതെല്ലാം അല്ലാഹുവിന്ന് വേണ്ടി ക്ഷമിച്ചേക്കാനും പരസ്പരം ക്ഷമോപദേശം ചെയ്യാനുമാണ് അല്ലാഹുവിൻെറ രാജകൽപന: പക്ഷെ നമ്മളീപ്രവർത്ഥനം ചെയ്താൽ നമുക്കും ഈ ത്യാകം അനുഭവിക്കേണ്ടി വരുമല്ലോ എന്ന് കരുതിയാണ് നമ്മിൽ അധികപേരും ഈ തബ്ലീഗ് പ്രവർത്ഥനം ചെയ്യാത്തത്. പക്ഷെ ആര് എത്ര ആക്ഷേപിച്ചാലും വെറുത്താലും നമ്മൾ ഓരോരുത്തരും നമ്മുടെ കടമകൾ നിർവ്വഹിക്കാതിരുന്നാൽ നമുക്ക് ആഖിറത്തിൻെറ വിജയം കാലകാലത്തേക്ക് നഷ്ടമായി പോകുമല്ലോ. അല്ലാഹു അവൻെറ നിയമങ്ങൾ ഒരിക്കലും നമുക്ക് വേണ്ടി മാററുകയില്ലല്ലോ. ഇന്ന് നമ്മൾ എല്ലാ ഓരോരുത്തരും വലിയ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമില്ലാത്ത ചില സൽകർമ്മങ്ങളൊക്കെ സ്വന്തം ഇഷ്ടത്തിനൊത്ത് ചെയ്യുന്നതല്ലാതെ അല്ലാഹുവിൻെറയും റസൂലിൻെറയും ഇഷ്ടം ഓരോ കാര്യത്തിലുമെന്താണെന്ന് നോക്കിമനസ്സിലാക്കി ചെയ്യുന്നവരായി ആരാണുള്ളത് ഇന്നത്തെ ഉമ്മത്തിൻെറ ഈ ദയനീയാവസ്ഥ എത്ര മോശമായിരിക്കുന്നു എന്ന് നാം ഓരോരുത്തരും ചിന്തിച്ചിട്ടുണ്ടോ? അത്കൊണ്ട് സൂറതുൽ അസ്റിലൂടെ അല്ലാഹു നമ്മോട് കൽപിച്ച രാജ കൽപനകൾ മുഴുവൻ ഉമ്മത്തും ചെയ്ത് തുടങ്ങണം. ഇതിന്ന് വേണ്ടിയാണ് ഇന്ന് തബ്ലീഗ് പ്രവർത്ഥനം ലോകമാസകലം പ്രവർത്ഥിച്ച് കൊണ്ടിരിക്കുന്നത് നബി(സ) സ്വഹാബാക്കൾക്കും സ്വഹാബികൾ താബിഈങ്ങൾക്കും അവർ താബിഉ്ത്താബിഉകൾക്കും പഠിപ്പിച്ച അതേ ഉസ്വൂലുകളിലും നഹ്ജിലുമായി നമ്മളും ഇന്ന് ഈ പ്രവർത്ഥനം ചെയ്യുമ്പോൾ അന്ന് അവർക്ക് നേരിടേണ്ടിവന്ന ത്യാകങ്ങളും എതിർപ്പുകളും പരിഹാസങ്ങളുമെല്ലാം കുറച്ചൊക്കെ തബ്ലീഗ് ചെയ്യുന്നവർക്ക് ഇന്നും അനുഭവിക്കേണ്ടി വരുമെന്നത് തീർച്ചയാണ്.

എൻെറ ഒരൊററ നബിമാരും തബ്ലീഗിന് അയക്കപ്പെട്ടപ്പോൾ അവരുടെ ജനത കളിയാക്കി പരിഹസിക്കാതെ വിട്ടിട്ടേയില്ലന്ന് പരിശുദ്ധ ഖുർആനിലൂടെ അല്ലാഹു നമ്മോട് അറിയിച്ചിട്ടുണ്ടല്ലോ. സൽകർമ്മത്തെ കൽപിക്കലും ദുശ്കർമ്മത്തെ തടയലും എല്ലാ മുകല്ലഫായ മുസ്ലിംകൾക്കും മററ് നിർബന്ധങ്ങളെ പോലെതന്നെ ഒഴിച്ച്കൂടാൻ പാടില്ലാത്ത നിർബന്ധമാണെന്ന് മുഴുവൻ മദ്രസകളിലും ഒമ്പതും പത്തും വയസ് മുതൽ നമ്മൾ കുട്ടികൾക്ക് പാഠപുസ്തകത്തിൽ പോലും പഠിപ്പിക്കുന്നില്ലേ? എന്നിട്ട് പഠിപ്പിക്കുന്നവരോ പഠിച്ച് വലിയവരായ കുട്ടികളോ നമ്മളോ ഏതെങ്കിലും കാലത്ത് ഈ കാര്യത്തിന്ന് വല്ല പരികണനയും കൊടുത്ത് ചെയ്തിട്ടുണ്ടോ? ഈ ഉമ്മത്തിന്ന് മററ് നിർബന്ധമായ പല കൽപനകളുടെ കൂട്ടത്തിൽ ഏററവും പ്രധാമായ ഒരു കൽപനയാണ് തബ്ലീഗ് ചെയ്യൽ, എന്ന തിരിച്ചറിവോടെ സ്വന്തം ധനവും ശരീരവും സമയവും ചിലവഴിച്ച് കൊണ്ടും വലിയ ത്യാകാർപ്പണത്തോടെ ഇന്ന് ലോകം മുഴുവനും വലിയ പ്രാധാന്യത്തോടെ ലക്ഷക്കണക്കിന്ന് ജമാഅത്തുകളിലായി ദിവസവും കോടിക്കണക്കിന്ന് ജനങ്ങൾ ലോകത്തിൻെറ നാനാ ഭാഗങ്ങളിലായി അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹത്തിൻെറ പേരിൽ ഒരു കോണും മുക്കും മൂലകളു മൊഴിവാക്കാതെ ജനങ്ങൾ ഇന്ന് ഈ ദഉ്വത്ത് പ്രവർത്ഥനം ചെയ്യാൻ തുടങ്ങിയപ്പോൾ അതിന് ഇല്ലാത്ത കുററമില്ല. അവർ അതാണ് അവർ ഇതാണ് എന്നൊക്കെ പറഞ്ഞ് ഫിത്നകളുമായി ഒരു കൂട്ടം എറങ്ങി തിരിച്ചിരിക്കുകയാണ്. പലരും പറയാറുണ്ട് തബ്ലീഗ് പ്രവർത്ഥനം നല്ലതും വേണ്ടതും തന്നെയാണ്. ഞങ്ങൾ എതൃക്കുന്നത് ഇൽയാസിൻെറ തബ്ലീഗിനെയാണ് സത്ത്യത്തിൽ ഇൽയാസ് സ്വന്തമായി പ്രത്യേക തബ്ലീഗ് ഒന്നും സ്ഥാപിച്ചിട്ടില്ല

അല്ലാഹുവും റസൂലും നമുക്ക് നിർബന്ധമായി നടപ്പിലാക്കിയ തബ്ലീഗ് പ്രവർത്തനം അദ്ധേഹവും നമ്മെപ്പോലെ ഉമ്മത്തിലെ ഒരങ്ങം എന്ന നിലയിൽ ചെയ്യുകയും മററ് നിർബന്ധ അമലുകളെപ്പോലെ ഇങ്ങിനെ ഒരു നിർബന്ധ അമലും കൂടി ഉമ്മത്തിന്ന് ചെയ്യേണ്ടതുണ്ടന്ന് പ്രത്യേകം നമ്മെ ഓർമ്മപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. ജനം തെററിദ്ധരിച്ചത് മാത്രമാണ്. പക്ഷെ ഉരുവിടുന്ന മുഴുവൻ വാക്കുകൾക്കും അല്ലാഹുവിങ്കൽ കണക്ക് ബോധിപ്പിക്കണം എന്ന ബസ്വീറത്തോടുകൂടി ചിന്തിക്കുന്ന ഒരാൾക്കും അതിയിൽ യാതൊന്നും കണ്ട് പിടിക്കാൻ സാദ്ധ്യമേ അല്ല. എന്തെങ്കിലും പറഞ്ഞ് നടക്കുന്നവർക്ക് ഒക്കെച്ചേരുമല്ലോ. തബ്ലീഗ് പ്രവർത്ഥനം മററ്ചില പാർട്ടികളെ പോലെ ഒരു പ്രസ്ഥാനമോ ഗ്രൂപ്പോ പാർട്ടിയോ ആണെന്ന് ചിലരൊക്കെ തെററിദ്ധരിച്ച് പോയതാണ്. ലോകത്തുള്ള മുഴുവൻ മുസ്ലിംകൾക്കും അഞ്ച് വഖത്ത് നിസ്കാരം നിർബന്ധമല്ലേ? പക്ഷെ ഇന്ന് എത്രപേര് ലോകത്ത് നിസ്കരിക്കുന്നവരുണ്ട് വളരെ കുറഞ്ഞ ശതമാനം മാത്രം. എനി ബാക്കിയുള്ള മുഴുവൻ ജനങ്ങളും നിസ്കരിച്ച് തുടങ്ങണ്ടെ? ഇത്പോലെ തന്നെ സക്കാത്ത്, നോംബ്, ഹജ്ജ് ഇതെല്ലാം ലോകത്തുള്ള മുഴുവൻ മുകല്ലഫായ മുസ്ലിംകൾക്കും നിർബന്ധ കടമകളല്ലേ? ഇന്ന് എത്ര പേര് സകാത്തും നോംബും ഹജ്ജും ഒക്കെ ചെയ്യുന്നുണ്ട്. കുറച്ച്പേര് ചെയ്യുന്നു. എനി ചെയ്യാത്ത മുഴുവ ജനങ്ങളും ചെയ്ത് തുടങ്ങണം. എന്നാൽ നിസ്കരിക്കുന്ന വർക്ക് നിസ്കാര പാർട്ടിയെന്നോ നിസ്കാര ഗ്രൂപെന്നോ നോംബ്കാർക്ക് നോംബ് പ്രസ്ഥാനമെന്നോ സക്കാത്ത് കൊടുക്കുന്നവർക്ക് സക്കാത്ത് പാർട്ടിയെന്നോ ഹജ്ജ് ചെയ്തവർക്ക് ഹജ്ജ് പ്രസ്ഥാനമെന്നോ ഒന്നും ആരും പറയാറില്ലല്ലോ. അത്പോലെ തന്നെ ലോകത്തുള്ള

വെളുത്തവനോ കറുത്തവനോ വ്യത്യസ്ഥ ഭാശക്കാർക്കോ ദേശക്കാർക്കോ വിത്യാസമില്ലാതെ മുഴുവൻ മുസ്ലിംകൾക്കും അല്ലാഹു നിർബന്ധമാക്കിയ ഒരു കടമയാണ് തബ്ലീഗ് പ്രവർത്ഥനവും. ഇത് മനസ്സിലാക്കിയ ധാരാളം ജനങ്ങൾ ഇന്ന് ലോകത്ത് ഇത് ചെയ്ത് കൊണ്ടിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ ഇക്കാര്യം ചെയ്ത് തുടങ്ങാത്ത മുഴുവൻ ജനങ്ങളും എനി ഇത് ചെയ്ത് തുടങ്ങണം. എന്നല്ലാതെ തബ്ലീഗ് ചെയ്യുന്നവരെ തബ്ലീഗ്പാർട്ടിക്കാർ, പ്രസ്ഥാനക്കാർ, ഗ്രൂപ്കാർ, എന്നൊക്കെ ജനങ്ങൾ അതിന്ന് പേര്നൽകി മോശമായ രീതിയിൽ അതിനെ അവതരിപ്പിക്കുകയല്ല വേണ്ടത്. ഇതെന്തൊരു വിവരക്കേടാണ് ഉമ്മത്തിന്ന് സംഭവിച്ചിരിക്കുന്നത്. ഒരു ഹജ്ജ് ചെയ്ത ആളെ ആദരിച്ച് ബഹുമാനസൂജകമായി ഹാജി എന്ന് വിളിക്കുന്നത്പോലെ ഒരു തബ്ലീഗ് ചെയ്യുന്ന വ്യക്തിയെ ബഹുമാനാ ധരവോടെ തബ്ലീഗ്കാരൻ എന്ന് വിളിക്കേണ്ടതായിരുന്നില്ലേ? സത്യത്തിൽ ഒരു ഹാജിക്ക് ഹജ്ജിന്ന് തൗഫീക്ക് കിട്ടുന്നതിന്ന് അല്ലാഹുവിൻെറ റഹ്മത്തിൻെറ ഒരു തിരുനോട്ടം മതിയാകുമെങ്കിൽ ഒരു തബ്ലീഗ് ചെയ്യുന്ന ദാഇക്ക് പരിശുദ്ധ ദീനിന്ന് വേണ്ടി അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പുറപ്പെടുന്നതിന്ന് 70 റഹ്മത്തിൻെറ തിരുനോട്ടംകൊണ്ടേ സാധിക്കുകയുള്ളുവെന്ന് ഹദീസിൻെറ ആശയം നമ്മെ പഠിപ്പിക്കുമ്പോൾ. എത്ര മഹത്ത്വമേറിയതാണ് ഈ ദീനീ ദഉ്വത്ത് എന്ന് ഉൾകാഴ്ചയുള്ളവർക്ക് ചിന്തിച്ച് മനസ്സിലാക്കാം. അപ്പോൾ മററുള്ള നിസ്കാരം നോംബ്, സകാത്ത്, ഹജ്ജ് പോലെ നമുക്ക് പ്രധാനമായി ചെയ്യാനുള്ള ഒരു അമൽ മാത്രമാണ് ഇതും എന്നേ നാം മനസ്സിലാക്കാനുള്ളു.

മുസ്ലിംകൾക്കിടയിൽ ദഉ്വത്ത് എന്തിന്

സത്യത്തിൽ ഇന്ന് മുസ്ലിംകളായ നമ്മൾ എല്ലാ ഓരോരു

ത്തരും സ്വന്തമായി മതവിദ്യാഭ്യാസം പഠിച്ചവരും സ്വന്തം സന്താനങ്ങളെ മത വിദ്യാഭ്യാസത്തിന്ന് മദ്രസകളിൽ അയച്ച് പഠിപ്പിക്കുകയും അങ്ങിനെ മിക്കവാറും എല്ലാ കുട്ടികളും അത്യാവശ്യം ഒരു മുസ്ലിമിന്ന് മുസ്ലിമായി ജീവിക്കാനാവശ്യമായ അറിവുകൾ പഠിച്ച് പാസായി പുറത്ത്‌വരുന്നു. പഠിക്കുന്ന കാലത്തോ പഠനം കഴിഞ്ഞ് പുറത്ത് വന്നതിന്ന് ശേഷമോ പഠിച്ച കാര്യങ്ങളൊന്നും സ്വന്തം ജീവിതത്തിൽ ഉണ്ടാക്കിതീർക്കാൻ ശ്രമിക്കാത്ത ഒരവസ്ഥയല്ലെ വേദനയോടെ നാമിന്ന് കണ്ട്കൊണ്ടിരിക്കുന്നത് മദ്രസാപഠനം കഴിഞ്ഞ് പിന്നീട് ഉപരിപഠനാർത്ഥം വല്ല അറബി കോളേജുകളിലോ പള്ളി ദർസുകളിലോ നാം കുട്ടികളെ ചേർക്കുകയും അങ്ങിനെ ആ ഉപരിപഠനങ്ങൾ കഴിഞ്ഞ് പാസായി പുറത്ത് വന്നാലും ഉദ്ദേശിക്കപ്പെടുന്ന യഥാർത്ഥ ഇസ്ലാമിക ജീവിതം അവരിലും പ്രാവർത്ഥികമായി കാണുന്നില്ലല്ലൊ. രക്ഷിതാക്കളുടേയോ ഉസ്താദുമാരുടേയോ നിർബന്ധ പ്രകാരം ചുരുക്കമായി ചില മക്കൾ കുറച്ചൊക്കെ ദീനീ ചിട്ടയിലും നല്ല നടപ്പിലും ഒക്കെ നടക്കുന്നങ്കിലും ബഹു ഭൂരിപക്ഷം ദീനില്ലാത്ത അവസ്ഥയിലാണല്ലോ കാണുന്നത്. മത സ്ഥാപനങ്ങളിലെ പഠനം കഴിഞ്ഞാൽ ഈ മക്കളെ നാം ലൗഗീക വിദ്യാഭ്യാസത്തിന്നും ഡിഗ്രികൾക്കും വേണ്ടി പഠിക്കാൻ വിടുന്നു അതോടെ ഒരു വലിയ ശതമാനം മക്കൾ ചില കൂട്ട് കെട്ടിൻെറയോ മോശമായ ചുററുപാടിൻെറയോ അലസതയുടെയോ പേരിൽ ഉള്ള ദീനീബോധവും കൂടി നഷ്ടപ്പെട്ട് പഠനം കഴിഞ്ഞ് ഡിഗ്രിയുമായി തിരിച്ച് വരുന്ന എല്ലാ ഓരോരുത്തരും പിന്നീട് സ്വന്തമായ ജീവിത സംബാദ്ധ്യ മാർഗ്ഗങ്ങൾ നേടിയെടുക്കുന്നതിന്ന് ബിസിനസ് തൊഴില് ഉദ്യോകം എന്നിങ്ങിനേ വിത്യസ്ഥ മേഘലകളിലായി അലഞ്ഞ് തിരിഞ്ഞ് പിന്നീട് കല്ല്യാണം കുടുംബ ജീവിതം എന്നിങ്ങിനെ ഇഹലോക ജീവിതം കെട്ടിപ്പടുക്കുന്ന തീച്ചൂള

യിൽ നട്ടംതിരിഞ്ഞ് തന്നിഷ്ട പ്രകാരം കാലം കഴിയുന്നതല്ലാതെ മുംബ് പഠിച്ച്‌വെച്ച ദീൻ അനുസരിച്ച് ജീവിക്കാനോ പഠിച്ചത് ഒന്ന് ഓർക്കാനോ കാലകാലം ജീവിക്കാനുള്ള ആഖിറത്തിൻെറ ചിന്തയുണ്ടാവാനോ ആർക്കും എവിടെയും സമയം കിട്ടാതെ 50ഉം 60ഉം 70ഉം ഒക്കെ പ്രായമായിട്ടും വെറും നശ്വരമായ ദുനിയാവിൻെറ ചിന്തയിൽമാത്രം കഴിഞ്ഞ് വെറും താന്തോന്നികളായി ജീവിച്ച് മൊത്തം സമൂഹത്തിന്ന് നാണക്കേടുണ്ടാക്കുന്ന കോടിക്കണക്കിന്ന് ജനങ്ങളെ നേർവഴിയിലേക്ക് കൊണ്ട്‌വരുന്നതിന്നും പഠിപ്പിക്കുന്നതിന്നും അവരെ ഏത് മദ്രസയിലേക്കാണ് എനി അയക്കുക, ആരാണ് ഇവരെ ശരിപ്പെടുത്താൻ. നാം ചിന്തിക്കണ്ടെ? ഇത്തരക്കാരായ കോടാനകോടി ജനങ്ങൾക്ക് പഠിക്കാനും നേർമാർഗ്ഗം കണ്ടെത്താനും എനി ഈ ചലിക്കുന്ന മദ്റസ പോലെ തബ്ലീഗ് പ്രവർത്തനമല്ലാതെ മററെന്ത് മാർഗ്ഗം. പതിനായിരക്കണക്കിന്ന് ലക്ഷക്കണക്കിന്ന് മദ്രസകളിലും ബോഡിംഗുകളിലും മർക്കസുകളിലും വെച്ച് പല കാലങ്ങളിലായി മത പഠനം പൂർത്തിയാക്കി ഡിഗ്രികളുമായി പുറത്ത് പോന്ന ലക്ഷോപിലക്ഷം വിദ്ധ്യാർത്ഥികളായിരുന്നില്ലേ ഇന്ന് ഈ കാണുന്ന പൊതു ജനങ്ങളത്രയും അല്ലാഹുവിൻെറ വിധി വിലക്കുകൾ ഒന്നുംകൗനിക്കാതെ കള്ളും മററ് ഇതര ലഹരി പദാർത്ഥങ്ങളും വെഭിചാരം, ബ്ലൂ ഫിലീം, ചൂദ്, പലിശ, സിനിമ, ഇൻശൂർ, ലോട്ടറി പിടിച്ച് പറി, കളവ്, വഞ്ചന, കൊള്ള, കൊല, സ്പോർട്സ് ഇത്ത്യാദി സർവ്വ ദുർഗുണങ്ങളിലും നിറഞ്ഞ് കിടക്കുന്ന ഈ പൊതുജനം ഒരു കാലത്ത് നല്ല വണ്ണം പഠിച്ച് വന്ന വിദ്ധ്യാർത്ഥികളല്ലായിരുന്നോ ഒരുപന്ത് എങ്ങാനും കാററ് വീർപ്പിച്ചാൽ അതിൻെറ പിന്നാലെ ഓടാനും കളിക്കാനും എത്രലക്ഷം ജനങ്ങൾ ഈ ഉമ്മത്തിൽ ഇന്ന് ഉണ്ട് അല്ലാഹുവിൻെറയും റസൂലിൻെറയും

ഉലുൽ അംറിൻെറയും കോപത്തിലായി വഴി പിഴച്ചും
പിഴപ്പിച്ചും ജീവിക്കുന്ന ഇത്തരക്കാരെ അവരുടെ
താന്തോന്നി ജീവിതത്തിൽ നിന്ന് നേർവഴിയലേക്ക് ഒന്ന്
തിരിച്ച് വിടുന്നതിന് . മത വിദ്യാഭ്യാസ സഥാപനം
നടത്തുന്ന ഈ ഉലമാക്കളോ ഉമറാക്കളോ മററ് ആരും
തന്നെ ഇക്കാര്യത്തിൽ ശ്രദ്ധിക്കാതെ വെറും
വിദ്യാർത്ഥികളെയും യതീമുകളേയും
പഠിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധ പതിപ്പിക്കുന്നത്
എന്ത്കൊണ്ട്. ഓരോ സഥാപന ഉടമ കളും എൻെറ
സഥാപനം എൻെറ മദ്രസ, എൻെറ മർകസ്, എൻെറ
അംഗീകാരം, ഉയർച്ചയിൽ നിന്നും ഉയർച്ചയിലേക്ക്
ഓരോ കൊല്ലവും അഡ്മിഷൻ കൂടുകയും
ഡൊണേഷനും ഫീസും കൊല്ലം കൊല്ലം വർദ്ധിച്ച്
കിട്ടുകയും എൻെറ കാര്യങ്ങൾ ഭംഗിയായി നടന്ന്
കൊണ്ടിരിക്കുകയും വേണം ലോക ഉമ്മത്തിൻെറ
കാര്യം ഞാൻ എന്തിന്ന് നോക്കണം ഇത്തരം ചിന്ത
യിലാണ് അവർ ഓരോരുത്തരും എന്നല്ലേ നമുക്ക്
മനസ്സിലാകുന്നത് മത സഥാപനങ്ങൾ നടത്തുന്നതും
വിദ്ധ്യാർത്ഥികളെ പഠിപ്പിക്കുന്നതും ഏററവും വലിയ
പുണ്ണ്യമായത് പോലെ വഴി തെററിപ്പോയ ഉമ്മത്തിനെ
തിരിച്ച് കൊണ്ട് വരുന്നതിന്നുള്ള തബ്ലീഗ് പ്രവർത്ഥന
വുംകൂടി എല്ലാവരും ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഉമ്മത്ത്
എത്ര ഉന്നതിയിൽ എത്തുമായിരുന്നില്ലേ. ഈ പ്രവർ
ത്ഥനം ഉമ്മത്ത് ചെയ്യാത്തതിനാൽ ഓരോ ദിവസവും
ഈമാനില്ലാത്ത അവസ്ഥയിൽ ലക്ഷക്കണക്കിന്
മുസ്ലിംനാമധാരികൾ മരിച്ച് കൊണ്ടിരിക്കുന്നില്ലേ. ആരെ
യും ആക്ഷേപിക്കാനോ കുററപ്പെടുത്താനോ അല്ല ഇത്
ഒക്കെ പറയുന്നത് കാര്യങ്ങൾ ചിന്തിച്ച് മനസ്സിലാക്കു
ന്നതിന്ന് വേണ്ടി മാത്രമാണ്. ഉഖ്റവിയായ ഏതെങ്കിലും
ഉലമാക്കൾക്കോ ഔലിയാക്കൾക്കോ ഈ തബ്ലീഗ്
പ്രവർത്ഥനത്തിൽ ദീനിൻെറപേരിൽ യാതൊരു അപാക

തകളും കണ്ട്പിടിക്കാൻ എത്ര പാട്പെട്ടാലും സാധ്യ
മല്ലെന്നുള്ളത് ഒരു പരമ സത്യമാണ് തോന്നുന്ന
തൊക്കെ തോന്നിയത് പോലെ പറയുന്നവർക്ക് എന്തും
പറയാം പ്രവർത്ഥനം പഠിക്കുന്നതിന് പുറപ്പെട്ട വ്യക്തി
കളിൽ പലരിലും പലഅപാകതകളും കണ്ടെന്നിരിക്കാം
അതിൻെറപേരിൽ തബ്ലീഗ് പ്രവർത്ഥനത്തെ കുററപ്പെ
ടുത്താനോ വിലയിരുത്താനോ പാടുള്ളതല്ലല്ലോ ഈ
പ്രവർത്ഥനം നടന്നാൽ ക്രമേണ എല്ലാവരും ശരിയായി
ക്കൊള്ളും ഇൻശാഅല്ലാ. എനി തബ്ലീഗ് പ്രവർത്ഥനം
തെററാണെന്ന് സഥാപിക്കാനും അതിൻെറ ദൂശ്യത്തിൽ
നിന്ന് ഉമ്മത്തിനെ രക്ഷപ്പെടുത്താനും നല്ല ഉദ്ദേശ
ത്തിന്ന് വേണ്ടി പ്രസംഗിക്കുകയോ പുസ്തഗങ്ങൾ
എഴുതുകയോ ചെയ്യുന്ന ആരായാലും ചുരുങ്ങിയത്
നാൽപത് ദിവസത്തേക്കോ പത്ത് ദിവസത്തേക്കോ
പുറപ്പെട്ട് പോകുന്ന ഒരു ജമാഅത്തിൻെറ കൂടെ
പുറപ്പെട്ട് പോയി നോക്കണം നിങ്ങൾ ഒന്നും അവരെ
കൂടെ ചെയ്യാതെ അവരെ കൂട്ടണത്തിൽ അംഗമാകാ
തെയും വെറുതെ തന്നെ അവരോട് സഹകരിച്ച് അവ
രുടെ ദിവസേനയുള്ള പ്രവർത്ഥനങ്ങൾ വീക്ഷിച്ച് കണ്ട്
വിലയിരുത്തി മനസ്സിലാക്കുകയും ആ ജമാഅത്ത്
പൂർത്തിയാക്കി തിതിച്ച് വന്നതിന്ന് ശേഷം നിങ്ങൾ
അവരുടെ പ്രവർത്ഥനങ്ങളിൽ നിങ്ങൾക്ക് തെററാ
ണെന്ന് മനസ്സിലായകാര്യങ്ങൾ നിങ്ങൾ ജനങ്ങളോട്
പ്രസംഗത്തിലൂടെയും പുസ്തകങ്ങളിലൂടെയും പ്രചരി
പ്പിക്കുംബോൾ അത്വലിയ പ്രയോജനപ്പെടും അല്ലാതെ
തബ്ലീഗ് അങ്ങനേണേലോ ഇങ്ങനേണേലോ എന്ന്
പറഞ്ഞത് കൊണ്ടൊന്നും പ്രയോജനപ്പെടുകയില്ല
പലരും പറഞ്ഞതും പലരുടേയും പുസ്തകങ്ങളിലുള്ള
തുമായ പല ആക്ഷേപങ്ങളും ലോകത്തുള്ള തബ്ലീഗ്
പ്രവർത്ഥന ജനങ്ങൾ ഒക്കെ കേൾക്കാത്തത് കൊണ്ടോ
അവർക്ക് കാര്യം മനസ്സിലാകാത്തത് കൊണ്ടോ അല്ല

അവരും ചിന്താശാലികളും ബുദ്ധിമാൻമാരും തന്നെയാണല്ലോ അവർആരും തബ്ലീഗിൽ അറിയാതെ പെട്ട് പോയതോ പെടുത്തിപ്പോയതോ അല്ല. നല്ല ഉൾക്കാഴ്ചയോടെ തന്നെ പ്രവർത്ഥിക്കുകയാണ്. അത്കൊണ്ട് നബി തങ്ങളുടെ ഉമ്മത്തികളായ നമ്മൾ നമ്മോട് കൽപിക്കപ്പെട്ട ഈ ദഉ്‌വത്ത്പ്രവർത്ഥനം വളരെ ഉത്തരവാദിത്ത്വത്തോടും കൃത്യനിഷ്ഠയോടും കൂടി വലിയ ലക്ഷ്യത്തോടെ നമ്മൾ കൂട്ടമായി ചെയ്ത് കൊണ്ടിരിക്കുംബോൾ അല്ലാഹു അവൻെറ ഖുദ്റത്ത് കൊണ്ട് അവനുദ്ദേശിക്കുന്നവർക്ക് അവൻെറ തീരുമാനമനുസരിച്ച് ലോകത്ത് വലിയ മാററങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കും. ഇന്ന് ഭൂഗോളത്തിൻെറ ഏത് ഭാഗത്ത് ചെന്നാലും പ്രവർത്ഥനത്തിൻെറ നല്ല ഫലങ്ങൾ അൽഭുതകരമായി നമുക്കും കണ്ടാസ്വദിക്കാവുന്നതാണ്. നമ്മൾ ജനങ്ങളുടെ മാററത്തിലേക്ക് നോക്കേണ്ട കാര്യമില്ല അല്ലാഹു ചെയ്യേണ്ടത് അവൻ ചെയ്ത്കൊള്ളും. നമ്മോട് പറഞ്ഞ ദഉ്‌വത്ത് നാം ചെയ്ത്കൊണ്ടിരിക്കുക. നിങ്ങൾ പ്രവർത്ഥിച്ചിട്ട് ആരെക്കിട്ടി എന്ന റിസൽററിലേക്ക് അല്ലാഹു നോക്കുകയോ ചോദിക്കുകയോ ചെയ്യുന്നതല്ല കാരണം അത് അല്ലാഹുവിൻെറ കയ്യിലാണ്. പക്ഷെ നമ്മൾ പ്രവർത്ഥിച്ചോ എന്നതിനെ പററി നമ്മോട് തീർച്ചയായും ചോദിക്കപ്പെടും (ബഹുമാന്യരായ) ചില മശാഇഖുകളോട് ചിലർ ചോദിച്ചു. എന്താണ് നിങ്ങളുടെ ഈ പുറപ്പെടലും പുറപ്പെടീക്കലും? ഇത് എവിടന്ന് കിട്ടി നിങ്ങൾക്ക്. വെറുതെ വീട്ടിൽനിന്നും പുറപ്പെടീച്ച് വീട്ടിൻെറ പുറത്തേക്ക് കൊണ്ട്പോകുന്നു. കച്ചവടത്തിൽ നിന്നും പുറപ്പെടീച്ച് കച്ചവടത്തിൻെറ പുറത്തേക്ക് കൊണ്ട്പോകുന്നു. ഉദ്യോഗത്തിൽ നിന്നും പുറപ്പെടീച്ച് ഉദ്യോകത്തിൻെറ പുറത്തേക്ക് കൊണ്ട് പോകുന്നു. നാട്ടിൽ നിന്നും

പുറപ്പെടീച്ച് നാട്ടിൻെറ പുറത്തേക്ക് കൊണ്ട്പോകുന്നു. ഇത്എന്താണ്? അപ്പോൾ അവർ പറഞ്ഞു. ഇത് വീട്ടിൽ നിന്നും വീട്ടിൻെറ പുറത്തേക്കുള്ള പുറപ്പെടീക്കലല്ല, ഇത് നാട്ടിൽനിന്നും നാട്ടിൻെറ പുറത്തേക്കുള്ള പുറപ്പെടീക്കലല്ല. ഇത് കച്ചവടത്തിൽനിന്നും കച്ചവടത്തിൻെറ പുറത്തേ ക്കുള്ള പുറപ്പെടീക്കലല്ല. ഇത് ഉദ്യോകത്തിൽനിന്നും ഉദ്യോകത്തിൻെറ പുറത്തേക്കുള്ള പുറപ്പെടീക്കലല്ല. ഈ പുറപ്പെടൽ **من الهوى الي الهدى** സൊന്തം താൽപര്യങ്ങൾക്ക് അടിമപ്പെട്ട് തന്നിഷ്ടത്തെ പിൻപററി ജീവിക്കുന്ന മനുഷ്യനെ എങ്ങിനെയെങ്കിലും ഒന്ന് പൊക്കിയെടുത്ത് നേർവഴിയിലേക്ക് അങ്ങ് പുറപ്പെടീക്കുകയാണ്. പിന്നെ പറഞ്ഞു. **من الدنيا الي الاخرة** ദുനിയാവിൻെറ ചിന്തയിൽ മാത്രം മുഴുകിക്കിടക്കുന്ന മനുഷ്യനെ. എങ്ങിനെയെങ്കിലും ഒന്ന് പൊക്കിയെടുത്ത് ആഖിറത്തിൻെറ ഫിക്റിലേക്ക് പുറപ്പെടീക്കുകയാണ്. പിന്നെ പറഞ്ഞു **من المخلوق الي الخالق** സ്രഷ്ഠികളുടെ പിന്നാലെ അലഞ്ഞ് നട്ടംതിരിഞ്ഞ് നടക്കുന്ന മനുഷ്യനെ എങ്ങിനെയെങ്കിലും. അവൻെറ സ്രഷ്ഠാവായ അല്ലാഹുവിങ്കലേക്ക് അങ്ങ് പുറപ്പെടീക്കുകയാണ്. പിന്നെ പറഞ്ഞു **من اشياء الدنيا الي اعمال الاخرة** ദുന്യവിയായ വസ്ഥുക്കളുടെ പുറകിൽ നട്ടംതിരിയുന്നവനെ ആഖിറത്തിൻെറ അഉ്മാലുകളിലേക്കും അങ്ങ് പുറപ്പെടീക്കുകയാണ്. അപ്പോൾ ദേഹേച്ചകൾ വിട്ട് ഹിദായത്തിലേക്കും. ദുനിയാവ് വിട്ട് ആഖിറത്തിലേക്കും. സ്രഷ്ഠികളെ വിട്ട് സ്രഷ്ഠാവിങ്കലേക്കും. വസ്ഥുക്കളെ വിട്ട് അഉ്മാലുകളിലേക്കും. ചെന്നത്താനാണ് ഈ പുറപ്പെടീക്കൽ: വേറെ എന്തെങ്കിലും ഗ്രൂപുകൾ ഉണ്ടാക്കാനോ ഫണ്ട് പിരിവുകൾ ഉണ്ടാക്കുകയോ ഒന്നുമല്ല ഇതിൻെറ ലക്ഷ്യം. പക്ഷെ ഉൾക്കാഴ്ചയോടെ ജീവിക്കുന്ന ആഖിറത്തിൻെറ മക്കൾക്ക് മാത്രമേ ഈ പറയുന്നത് എന്താണെന്ന്

ശരിക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളു. (ഈ ദുനിയാവിൻെറ കുറഞ്ഞകാല ജീവിതം അടിപൊളി ആഢംബരമായി ജീവിക്കുന്നതിന്ന് 5ഉം 10ഉം 20ഉം വർഷങ്ങൾ വല്ല ഗൾഫ് നാടുകളിലോ മററവല്ല വിദേശ രാഷട്രങ്ങളിലോ പോയി കഠിനാദ്ധ്വാനം ചെയ്യുന്നതിന്ന് ആർക്കും ഒരു പ്രയാസവും തോന്നുകയോ ആരും അവരെ കുററപ്പെടുത്തുകയോ ചെയ്യുന്നില്ലല്ലോ ഒരിക്കലും അവസാനിക്കാത്ത കാലാകാലത്തെ പരലോക ജീവിതം നന്നാക്കുന്നതിന്ന് വേണ്ടി സ്വന്തം ഈമാനിലും യഖീനിലും സൽകർമ്മങ്ങളിലും വന്ന് ചേർന്ന പോരായ്മകൾ സ്വന്തം കണ്ട് പരിഹരിക്കാനും നമ്മിൽ വന്ന് ചേർന്ന ദുർഗുണങ്ങൾ പാടെ ഇല്ലാതാക്കാനും ഇത്യാദി സൽഗുണങ്ങളൊക്കെ പരിശീലിപ്പിച്ച് എടുക്കാൻ 4 മാസത്തേക്കോ 40 ദിവസത്തേക്കോ 10 ദിവസത്തേക്കോ 3 ദിവസത്തേക്കോ ദീനിൻെറ മാർഗത്തിൽ പുറപ്പെടാൻ പറയുംബോൾ അത് നമുക്കാർക്കും മനസ്സിലാകുന്നില്ലല്ലോ അപ്പോൾ നമ്മൾ ദുനിയാവിന്ന് ആഖിറത്തേക്കാൾ പ്രാധാന്യം കൊടുക്കുന്നവരായത് കൊണ്ടല്ലേ ഇത്) ഇത്രയും പറഞ്ഞതിൽ നിന്നും തബ്‌ലീഗ് പ്രവർത്ഥനം എന്താണെന്നും എന്തിനാണെന്നും മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. (നോട്ട്) ഇന്ന് തബ്‌ലീഗ് പ്രവർത്ഥനത്തേയും അതിൻെറ മഹാത്മാക്കളായ ചില ദയൂബന്ദി ഉലമാക്കളുടേയും പേരിൽ ഇല്ലാത്ത പല എതിർപുകളും കുററാരോപണങ്ങളും വിമർശനങ്ങളുമെല്ലാം ജനമദ്ധ്യേ നടന്ന് കൊണ്ടിരിക്കുന്നു: അതിൻെറ യഥാർത്ഥ നിജസ്ഥിതിയെ പററി ഒന്ന് അതിൻെറ അററത്തോളം പോയി മനസ്സിലാക്കാതെ പററുകയില്ല എന്ന ലക്ഷ്യത്തോടെ ആരോപണങ്ങൾ എന്തൊക്കെയെന്നും ആരൊക്കെ പററിയാണെന്നും അത് എന്തിന് വേണ്ടി എങ്ങിനെ ഉൽഭവിച്ചതാണെന്നും വളരെ

ശക്തവും വ്യക്തവുമായി കുറിപ്പിട്ട് അതിനെ പററി അറിയുന്ന മാഹാറത്തുള്ള ഉലമാക്കളിൽ നിന്നും മനസ്സിലാക്കാൻ ഞാൻ കുറച്ച് കാലം പരിശ്രമിക്കുകയും അതെല്ലാം സത്യ വിരുദ്ധമായി ചില കാര്യലഭ്യതക്ക് വേണ്ടി ചിലർ ഉണ്ടാക്കിത്തീർത്ത അബാഥ്വീല് കെട്ടുകഥകളാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുകയും ചെയ്തു (താഴെ വിവരിക്കുന്നത് നോക്കുക)

ആരോപണ (പുസ്തകങ്ങളെപററി)

ഒരു സംഘടനയുടെ ആധികാരിക ഗ്രന്ഥമെന്ന് പറയണമെങ്കിൽ ആ സംഘടന പ്രസിദ്ധീകരിച്ചതോ അല്ലങ്കിൽ ഇന്നയിന്ന പുസ്തകങ്ങൾ സംഘടനയുടെ ആധികാരിക ഗ്രന്ഥമാണെന്ന് സംഘടനാ പ്രസിദ്ധീകരണത്തിൽ പറഞ്ഞതോ ആയിരിക്കണമല്ലോ? എന്നാൽ തബ്‌ലീഗ് പ്രസിദ്ധീകരിച്ച വല്ല പുസ്തകങ്ങളുമുണ്ടോ? ഇല്ല: എങ്കിൽ ഇന്നയിന്ന പുസ്തകങ്ങൾ അതിൻെറ ആധികാരിക പുസ്തകങ്ങളാണെന്ന് സമ്മതിക്കുന്ന വല്ല രേഖയും അത് പ്രസിദ്ധീകരിച്ചിട്ടുണ്ടോ. അതുമില്ല. പിന്നെയെങ്ങിനെ സംഘടനാ പുസ്തകങ്ങൾ ഉണ്ടാകും? ആദ്യം സംഘടനയും പിന്നീട് അതിന്ന് പുസ്തകങ്ങളുമുണ്ടായിട്ട് വേണ്ടേ അതിൽ അബദ്ധങ്ങൾ കണ്ടെത്താൻ. തബ്‌ലീഗ്ജമാഅത്ത് പ്രസിദ്ധീകരിച്ചതെന്ന് പുസ്തകത്തിലെവിടേയും എഴുതിക്കാണാത്തതും മററ് വല്ലവരും സ്വന്തം പേരിൽ പ്രസിദ്ധീകരിച്ചതാണെന്ന് പുസ്തകപ്പുറത്ത് വ്യക്തമായി കാണുന്നതുമായ ഏതെങ്കിലും പുസ്തകമെടുത്ത് തബ്‌ലീഗിൻെറ ആധികാരിക ഗ്രന്ഥമായി വെച്ച് കെട്ടുന്നതെന്തിന്?

സംഘടനാ നേതാക്കൾ

അല്ലാഹുവിൻെറ കൽപന പ്രകാരം റസൂൽ(സ)യും അവിടുത്തെ പുണ്യ സഹാബത്തും ചെയ്ത്പോന്ന ദഅ്വത്ത്പ്രവർത്ഥനം അതേ രീതിയിലും തർത്തീബിലും

തന്നെ ചെയ്യൽ മുഴുവൻ മുസ്ലിം ഉമ്മത്തിൻെറയും കടമയാണെന്ന് വ്യക്തമായി മനസ്സിലാക്കി ഉമ്മത്തിനെ ഇക്കാര്യം ഓർമപ്പെടുത്തിക്കൊണ്ട് ഹി:1345 ലാണ് ബഹു:ഇൽയാസ്(റ) ഈ ദഃവത്ത് പ്രവർത്തനം പുനരാരംഭിച്ചത്. ഇൽയാസ് എന്നവർതന്നെ അദ്ധേഹത്തിൻെറ സ്വന്തം ഗ്രന്ഥത്തിൽ പറയുന്നുണ്ട് ഈ ദഃവതുത്തബ്ലീഗിനെ ആരും എന്നിലേക്ക് ഒരിക്കലും ചേർത്തി പറയരുതെന്നും ഇങ്ങിനെ ഒരു നിർബന്ധ അമലും കൂടി ഉമ്മത്തിനുണ്ടെന്ന കാര്യം എല്ലാവരേയും ഞാൻ ഓർമപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നും വളരെ വ്യക്തമായി അദ്ധേഹം പറഞ്ഞിട്ടുണ്ടല്ലോ. ഇൽയാസ്(റ)ൻെറ ദഃവത്ത് പുനരാരംഭത്തിന്ന് 100 വർശങ്ങൾക്ക് മുംബ് ഒരു ഡസനോളം ധർമ്മ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിയായി മരിച്ച ബഹു: ഇസ്മാഈൽശഹീദ് ദഹ്ലവി നൂർവർഷത്തോളം പരലോകത്ത് ജീചിച്ച ശേഷം 1345ൽ പിറവിയെടുത്ത സംഘടനക്ക് നേതൃത്വം നൽകിയെന്നും, ദയൂബന്ദ്ദാറുൽ ഉലൂമിൻെറ സ്ഥാപകനായ ഹുജജതുൽഇസ്ലാം മുഹമ്മത് ഖാസിം നാനൂതവി എന്നവർ 1297ൽ മരിക്കുകയും പിന്നീട് 48 വർഷം പരലോകത്ത് ജീവിച്ചശേഷം ഡൽഹിയിൽവന്ന് ഇൽയാസിൻെറ സംഘടനക്ക് നേതൃത്ത്വം നൽകിയെന്നും, മഹാപണ്ഡിതനും ആത്മീയ നേതാവുമായ മൗലാനാ റശീദ് അഹമ്മത് ഗങ്കോഹി എന്നവർ 1323ൽ മരിച്ചത് കൊണ്ട് 22 വർഷത്തെ പരലോക ജീവിതത്തിന് ശേഷം ഇൽയാസിൻെറ സംഘടനാ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു എന്നുമല്ലേ വിമർശകരുടെ ആരോപണത്തിൽ നിന്നും ജനം മനസ്സിലാക്കേണ്ടത്.: പ്രിയരേ: ചിന്തിച്ച് നോക്കു:.. ഇല്ലാത്ത സംഘടനക്ക് നേരത്തെ മരിച്ചു പോയ സംഘടനാ നേതാക്കൾ: ആരോ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ: എല്ലാം കൂട്ടിക്കുഴച്ച് അതിലെ ചില വാജങ്ങളും ആശയങ്ങളും വികലമാക്കി തെററിദ്ധാരണയും കള്ള

ഭാവനകളും മുതൽ കൂട്ടാക്കി സത്യത്തിൻെറ പരിവേശത്തിൽകററ്കെട്ടി കോർത്തിണക്കി അഹ്ലുസ്സുന്നത്തിവൽജമാഅത്തിൻെറ മുഖ്യ അമലായ തബ്ലീഗ് പ്രവർത്തനത്തെ എതിർക്കുന്നത് എത്ര ക്രൂരമായിപ്പോയി.. എനി മേൽപറയപ്പെട്ട ഏതെങ്കിലും വ്യക്തികളുടെ സ്വന്തമായ വല്ല പുസ്തകങ്ങളും തബ്ലീഗിൻെറ പേരിൽ ലോകത്ത് എവിടെയെങ്കിലും തഃലീം നടത്തുകയോ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നുണ്ടോ? അതുമില്ല. മശ്രിഖ് മുതൽ മഗ്രിബ് വരെ. ജുനൂബ്തൊട്ട് ശിമാൽവരെ ലോകം മുഴുവനും തബ്ലീഗ് പ്രവർത്തകർ തഃലീമിന്ന് ഉപയോഗിക്കുന്നത് വെറും അഞ്ച് കിതാബുകളാണ് (1) **فضائل الاعمال** (ഫളാഇലുൽഅഃമാല്) (2) **منتخبات احاديث** (മുൻതഖബാത്ത് അഹാദീസ്) (3) **حياة الصحابة** (ഹയാതുസ്സ്വഹാബ) (4) **رياض الصالحين** (റിയാളുസ്സ്വാലിഹീൻ) (5) **فضائل الصدقات** (ഫലാഇലു സ്സ്വദഖാത്) ഈ അഞ്ചാലൊരു കിത്താബല്ലാതെ മററൊന്നും ഇന്ന് എവിടെയും തഃലീമിൽ വായിക്കപ്പെടുന്നില്ല. ലോകത്തുള്ള മിക്ക ഭാശകളിലും ഇത്ലഭിക്കുന്നതും യാതൊരാ ക്ഷേപവുമില്ലാതെ എല്ലാ ഭാഷക്കാരും ദേശക്കാരും തഃലീം നടത്തുകയും ചെയ്യുന്നു, തബ്ലീഗ് പ്രവർത്തനത്തിന്ന് വല്ല ഓഫീസുകളോ ഫണ്ട്പിരിവുകളോ റസീറ്റ് മെംബർശിപ്പുകളോ, വാനർ, കൊടികൾ, നോട്ടീസ്, ചുമരെഴുത്ത്, പത്ര ലേഘനങ്ങൾ, ദിന പത്രങ്ങൾ, ടി.വി., വീഡ്യോ, കേമറകൾ, ഫോട്ടോ ക്ലിപ്പ്, എൽസീഡി, എന്നിങ്ങിനെ വല്ല പ്രചരണ മാദ്ധ്യമങ്ങളോ ലോകത്ത് എവിടെയും കാണാൻ സാദ്ധ്യമാവുകയില്ലന്നുള്ള പരമാർത്ഥം എല്ലാവർക്കു മറിയില്ലേ. ലോകത്തുള്ള മറ്റെല്ലാ പാർട്ടി പ്രസ്ഥാനങ്ങൾക്കുമുള്ളത് പോലെ തബ്ലീഗിന്ന് മാത്രം ഇതൊന്നുമില്ലാത്തത് എന്ത്കൊണ്ട്. ചിന്തിച്ചിട്ടുണ്ടോ? ആര് ചിന്തിക്കാൻ.

കണ്ടതും കേട്ടതും പറഞ്ഞ് നടക്കാനല്ലേ ആകെ പഠിച്ചത്. (كفي بالمرء كذبان يحدث بكل ماسمع) കേട്ടതൊക്കെ പറഞ്ഞ് നടക്കുന്നത് മനുഷ്യൻ കള്ളനാകാൻ ഏററവും മതിയായതാണ്. എന്ന്പറഞ്ഞ ഹദീസും. **ياايهاالذين أمنواان جاء كم فاسق بنبأ فتبينواان تصيبواقوما بجهالة فتصبحواعلي مافعلتم نادمين** ഹേ: സത്യ വിശ്വാസികളേ: ദുർമാർഗികളായ വല്ലവരും നിങ്ങളടുത്ത് വല്ല കാര്യങ്ങളും വന്ന് പറഞ്ഞാൽ അതിനെപററി നല്ല വണ്ണം ചുഴിഞ്ഞ് അന്വേഷിച്ച് മനസ്സിലാക്കാതെ വല്ല നടപടിയും എടുത്ത് പോയാൽ അവസാനം ചെയ്ത് പോയതിൻെറ പേരിൽ നിങ്ങൾ ഖേദിക്കേണ്ടി വരും. അത്കൊണ്ട് ആരും അങ്ങിനെ ചെയ്ത് പോകരുത്. എന്ന് പരിശുദ്ധ ഖുർആനിലൂടെ അല്ലാഹു നമ്മോട് കൽപിച്ചിട്ട് നാം ഇക്കാര്യങ്ങളൊക്കെ ജനങ്ങളോട് പ്രസംഗിക്കാനും പഠിപ്പിക്കാനും ഉപയോഗിക്കുന്നതല്ലാതെ സ്വന്തം ജീവിതത്തിലിത് ഉൾക്കൊള്ളാൻ പലരും ശ്രമിക്കാതെ സ്വന്തം അറിവിലും ഡിഗ്രിയിലും ജന സ്വാധീനത്തിലുമെല്ലാം അഹങ്കരിച്ച് അകപ്പെരുമ നടിച്ച് കഴിയുന്ന ചില ഉലമാക്കളാണ് ഇന്ന് ഉമ്മത്തിൻെറ സർവ്വ നാശത്തിന്നും കാരണമായിട്ടുള്ളത്. **من ازداد علما ولم يزدد هدى ولم يزدد من الله الابعدا** വല്ലവനും അറിവ് കൂടുകയും അത് അനുസരിച്ച് നേർവഴി കൂടാതിരിക്കുകയും ചെയ്താൽ അവൻ അല്ലാഹുവിങ്കൽ നിന്ന് വിധൂരത്തെയല്ലാതെ മറ്റൊന്നും യാസ്തിയാക്കുകയില്ലന്ന് പറഞ്ഞത് എത്ര സത്യമാണ്. ഈ പറഞ്ഞത് ഒക്കെ പലർക്കും ആക്ഷേപമായി തോന്നാമെങ്കിലും സ്വയം തിരുത്തുകയല്ലാതെ മറ്റ് എന്ത്മാർഗ്ഗം? എത്രയോ ആയിരക്കണക്കിന്ന് സ്റ്റെയ്റ്റുകളുള്ള ഭൂ ഗോളത്തിലെ ഒരു സ്റ്റെയ്റ്റായ ഈ ചെറിയ കേരളത്തിലെ ചുരുക്കം വല്ല ഉലമാക്കളും അവർക്ക് ഈ ദഊ്വത്തിൻെറ ഫന്നിൽ തക്കതായ പരിച്ഞാനക്കുറവു

കൊണ്ടോ മറ്റ്ഏതോ തെറ്റിദ്ധാരണ കാരണമായോ വല്ല ഫത്‌വകളും കൊടുത്ത് പോയതിന്ന് ലോകം അത് സമ്മതിക്കണമെന്നുണ്ടോ? ഈ ഉലമാക്കളിലാരെങ്കിലും മഉ്സ്വൂമീങ്ങളാണെന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ? വിത്യസ്ഥ ഭാഷക്കാരും ദേശക്കാരുമായി കോടിക്കണക്കിന്ന് ഉലമാക്കളിന്ന് ഈ ഭൂ ഗോളത്തിലില്ലേ? കേരളക്കാരായ കുറഞ്ഞ മലയാളികൾക്ക് മാത്രമായി പരലോകത്ത് വല്ല പ്രത്യേകതയുമുണ്ടാകുമോ? ലോകത്തുള്ള മുഴുവൻ കറുത്തവനും വെളുത്തവനും ചുകന്നവനുമൊക്കെ നബി(സ)യുടെ ഉമ്മത്തികളിൽപെട്ടവരല്ലെ? അവർക്കുമൊക്കെ യഥാർത്ഥമായ ദീനും സുന്നത്ത്ജമാഅത്തും കിട്ടേണ്ടതും അല്ലാഹുവിൻെറ യഥാർത്ഥ അടിമകളായി ജീവിച്ച് സ്വർഗ്ഗത്തിലെത്തേണ്ടവരുമല്ലേ? മലയാളികളായ നമ്മൾ വിത്യസ്ഥ ഗ്രൂപുകളും പാർട്ടി പ്രസ്ഥാനങ്ങളുമായി എല്ലാ ഓരോരുത്തരും ആളെണ്ണം പ്രസ്ഥാന മുദ്രാവാക്യങ്ങൾ എഴുതിയ കാർബോഡുകൾ വിരിമാറിൽതൂക്കിയിട്ടും ഇരുകരങ്ങളിലും ആദർശ കൊടികളുമേന്തി തെരുവീഥികളിലൂടെയും വഴിയോരങ്ങളിലൂടെയും യഹൂദി നസ്വാറാക്കളെ പോലെ സിന്താബാദും മുദ്രാവാക്യങ്ങളും വിളിച്ച് പരസ്പരം തെറിയും തെണ്ടിത്തരങ്ങളും പറഞ്ഞ് തമ്മിലടിച്ച് കലഹിക്കുന്ന ഒരു ദുരവസ്ഥയിലേക്ക് അല്ലേ ജനങ്ങളെ ഈ ഉലമാക്കൾ ഇന്ന് കൊണ്ട് എത്തിച്ചത്. നമുക്കോ ഉമ്മത്തികളായ മററ് ഏതെങ്കിലും ജനതക്കോ ഇത്കൊണ്ട് വല്ലതും നേടാൻ കഴിയുമോ? (നിങ്ങളുടെ മുൻകഴിഞ്ഞ യഹൂദി നസ്വാറാക്കളെ മുഴത്തോട് മുഴമായും ചാണോട് ചാണായും പിൻപററുന്ന ഒരു വിഭാഗം നിങ്ങളിൽ വരാൻ പോകുന്നുവെന്നും അവരുടെ അന്നത്തെ ഉലമാക്കൾ ആകാശത്തിൻെറ താഴ്‌വരയിലെ ഏററവും ദുശിച്ച നീചൻമാരും ചീത്തയുമായിരിക്കുമെന്നും മററും) ആദരവായ റസൂൽ

(സ)ഹദീസ് ശരീഫിലൂടെ ഗൗരവമായി മുന്നറിയിപ്പ് നൽകിയ അക്കൂട്ടത്തിൽപലരും മെല്ലെ മെല്ലെ പെട്ടു പോയിട്ടുണ്ടന്നതിൽ സംശയിക്കേണ്ടതില്ല: സൃഷ്ഠി കളിൽ ഏററവും ചീത്ത ഏതാണെന്ന് നബി (സ) തങ്ങളോട് ചോദിച്ചപ്പോൾ ഉലമാഉസ്സൂഉ് علماء السوء എന്നായിരുന്നു തങ്ങൾപറഞ്ഞതെന്ന് നമ്മൾ പ്രത്യേകം ഓർത്തിരിക്കണം: പരസ്രം കുററപ്പെടുത്തുന്ന ഉദ്ദേശ ത്തിലല്ല ഇത് പറയുന്നത്. നബി(സ) ഭയപ്പെടുത്തിയ മുന്നറിയിപ്പുകളിൽ നിന്ന് നാം എല്ലാ ഓരോരുത്തരും രക്ഷപ്പെടണം: ഇന്ന് പള്ളി ദർസുകളിലും മറ്റ് പല കോളേജ് സ്ഥാപനങ്ങളിലും ദർസ്നടത്തുന്ന പ്രസിദ്ധ രും അല്ലാത്തവരുമായ ധാരാളംമുദർരിസീങ്ങൾ അവ രുടെ ദർസ്നടത്തിപ്പിലും മറ്റ് അമലുകളിലുമൊക്കെ വെറും ഒരു ചടങ്ങ് പോലെ ശരിയായ പരിഗണനയും ഇഹ്തിസാബും ഹുറുമത്തും കൊടുക്കാതെ: ഞങ്ങളേ തായാലും ഇങ്ങിനെ മുസ്ല്യാമാരായി പോയത്കൊണ്ട് ഇനി ഈ ജോലി ചെയ്യുകല്ലാതെ ജീവിക്കാൻ മറ്റ് മാർഗ്ഗ മില്ലല്ലോ എന്ന അവസ്ഥയിൽ ചെയ്യുന്ന പലരേയും നമുക്കിന്ന് ശ്രദ്ധിച്ചാൽ കാണാവുന്ന ഒരു പരമ സത്യമാ ണല്ലോ. പഠിക്കുന്ന ധാരാളം മുതഅല്ലിമീങ്ങളുടെ അവസ്ഥയും ഇതു തന്നെ. യാതൊരു മതിപ്പും ബഹുമാ നവും കാണിക്കാതെ ദീൻ പഠിച്ചിട്ട് എന്ത്പ്രയോജനം എന്ന മട്ടിലാണ് അവരും പഠിച്ചു കൊണ്ടിരിക്കുന്നത്. ഇത് പേലെ തന്നെ ധാരാളം മദ്രസാ മുഅല്ലിമീങ്ങളും പള്ളി ഇമാമീങ്ങൾ മുഅദ്ദിനീങ്ങൾ ഖത്തീബ് ഖാളി മാരും പ്രാസംഗികൻമാരും മററ്ദീനീ സ്ഥാപനങ്ങൾ നടത്തുന്നവരും എന്നിങ്ങിനെ ദീനീ രംഗത്ത് പ്രവർത്ഥിച്ച് കൊണ്ടിരിക്കുന്ന അനവധി ആളുകളും അവരുടെ പ്രവർത്ഥനങ്ങളിൽ ഭക്തിയും ഇഖ്ലാസുമി ല്ലാതെ നഫ്സാനിയ്യത്തിനേയും ശൈത്വാനിയ്യത്തിനേ യും പിൻതുടർന്ന് ഇഹ്തിസാബില്ലാതെ കഴിയുന്നത്

ഉൾക്കാഴ്ചയുള്ളവർക്കൊക്കെ കാണാവുന്നതല്ലേ? ഇക്കാര്യങ്ങളൊക്കെ തുറന്ന് പറഞ്ഞാൽ പലർക്കും വെറുപ്പാകുമെന്ന് കരുതി പറയാതെ മറച്ചു വെക്കേണ്ട തുണ്ടോ? എനി മറച്ച് വെക്കുന്നങ്കിൽ തന്നെ ഖബറിലെ ത്തുന്നത് വരെയല്ലെ അത് പററൂ. അത്കൊണ്ട് ചുരുക്ക മായി ഞാൻ പറഞ്ഞ് വന്നതിൻെറ ആകെ ഉദ്ദേഷം ദീനിൻെറ വിത്യസ്ഥ തുറകളിലായി ജോലി ചെയ്യുന്ന നാമെല്ലാവരും നമ്മുടെ ഈമാനികമായ ബലഹീനാവ സ്ഥയിൽനിന്ന് മോജിതരാവാൻ നമുക്ക് ഇന്ന് ഏക മാർഗ്ഗം ഒരേഒരു ദഌവത്തിൻെറ വഴിയല്ലാതെ മററൊന്ന് കൊണ്ടും സാദ്ധ്യമാവുകയില്ലന്നുള്ളത് തീർച്ചയയാണ്. لايصلح أخر هذه الامة الا بما صلح به اولها ആദ്യ കാല ക്കാർ ഏതൊരു ദഌവത്ത് കൊണ്ടാണോ നന്നായത് അതേ ദഌവത്ത്കൊണ്ട് മാത്രമേ അവസാന കാലക്കാർ ക്കും നന്നാവാൻ സാധിക്കുകയുള്ളു. കാലോജിത മായോ ശാസ്ത്രീയമായോ കണ്ട് പിടിക്കുന്ന ഒരൊറ്റ പുതിയ മാർഗ്ഗങ്ങളെ കൊണ്ടും എനി ഒരിക്കലും ഉമ്മ ത്തിനെ നന്നാക്കാൻ സാദ്ധ്യമേ അല്ലെന്നുള്ളത് ഒരു പരാമാർത്ഥമാണ്.

ലോകം മുഴുവനും ഇന്ന് നടക്കുന്ന ദഌവത്തിൻെറ രൂപം

ലോകത്തുള്ള മുഴുവൻ മുസ്ലിംകളും അത് ഉലമാ ക്കളെന്നോ ഉമറാക്കളെന്നോ പാവപ്പെട്ടവരെന്നോ പണക്കാരെന്നോ ഭരണ കർത്താക്കളെന്നോ യാതൊരു വിത്യാസവും കൂടാതെ എല്ലാവരും ദിവസവും രണ്ട് തഌീം നടത്തണം. ഒന്ന് അവനവൻെറ സ്വന്തം വീടുകളിൽ സ്വന്തം ഭാര്യ മക്കൾ മാതാപിതാക്കൾ എല്ലാവരേയും ഏതെങ്കിലും ഒരു ഒഴിവ് സമയത്ത് വിളിച്ച് ഇരുത്തി എല്ലാ ദിവസവും വലിയ ഫിക്റോടും മഹത്ത്വാത്തോടും കൂടെ ഫലാഇലിൻെറ തഌീം 10 ഓ 15 ഓ മിനിററ് സമയം വായിക്കണം. രണ്ടാമത്തെ

തബ്ലീഗ് സ്വന്തം മഹല്ലത്തിലെ പള്ളിയിൽ ഏതെങ്കിലും ഒരു നിസ്കാരത്തിന് ശേഷം അവിടെ നിസ്കാരത്തിൽ പങ്കെടുത്ത എല്ലാവരേയും കൂട്ടിയിരുത്തി വലിയ ഫിക്റോടെ തബ്ലീഗ് നടത്തുകയും ശേഷം അവിടെക്കൂടിയ എല്ലാവരും 5 ഓ 10 ഓ മിനിററ് സമയം സ്വന്തം മഹല്ലത്തിലെ കാര്യങ്ങൾ വിലയിരുത്താൻ വേണ്ടി മുശാവറ നടത്തുകയും പിന്നീട് രണ്ടോ നാലോ ജമാഅത്ത് ജോടികളാക്കി മഹല്ലത്തിലെ രണ്ടോനാലോ വീടുകളിൽ പോയി നിത്യവും പള്ളിയിൽ നടക്കുന്ന ദീനീ പ്രവർത്തനത്തിൽ നിങ്ങളും സഹകരിക്കണമെന്ന് സ്നേഹത്തോടെ പറഞ്ഞ് ക്ഷണിക്കണം. ഇങ്ങിനെ എല്ലാ ദിവസവും രണ്ടും നാലും വീടുകളിൽ പോയി മഹല്ലത്തിലെ എല്ലാ ഓരോ വീടുകളിലും നമ്മൾ എത്തുകയാണങ്കിൽ കുറഞ്ഞ കാലം കൊണ്ട് ദീനീ രംഗത്ത് വലിയ മാററങ്ങൾ നമുക്ക് തന്നെ കാണാൻ കഴിയുമല്ലോ. അതോടു കൂടെ മഹല്ലത്തിലെ എല്ലാ ഓരോരുത്തരും അവരവരുടെ ഒഴിവ് കഴിവനുസരിച്ച് ചുരുങ്ങിയത് എല്ലാ ദിവസവും ഏതെങ്കിലും ഒരു സമയത്ത് നമുക്ക് അല്ലാഹു നൽകിയ 24 മണിക്കൂർ സമയത്തിൽ നിന്നും നമ്മൾ വെറുതെ പാഴാക്കിക്കളയുന്ന രണ്ടര മണിക്കൂർ സമയമെങ്കിലും അല്ലാഹുവിന്ന് വേണ്ടി പള്ളിയിൽ നടക്കുന്ന തബ്ലീഗിന്നും മശൂറ മുലാഖാതുകൾക്കും നാം കൊടുക്കണം. മേൽപറഞ്ഞ രണ്ട് തബ്ലീഗുകളും മുശാവറകളും മുലാഖാതുകളും അതിന് വേണ്ടി രണ്ടര മണിക്കൂർസമയം കൊടുക്കലും എല്ലാവരും നിത്യവും ചെയ്യേണ്ടതും. ആഴ്ചതോറും എല്ലാവരും രണ്ട് ജൗല (ഗശ്ത്ത്) നടത്തുകയും ചെയ്യുക. ഒന്ന് സ്വന്തം മഹല്ലത്തിലും മറെറാന്ന് ഏതെങ്കിലും അടുത്ത മഹല്ലത്തിലും: (സ്വന്തം മഹല്ല് പള്ളിയിൽ അസറിനോ മഗ്രിബിക്കോ ഏതെങ്കിലും ജനങ്ങൾക്ക് സൗകര്യമുള്ള ഒരു സമയത്ത് എല്ലാവരും കൂടിയിരുന്ന് അതിലൊരാൾ

ദീനീ കാര്യങ്ങളെ പററി ഉൽബോധനം നടത്തുകയും കുറച്ച്പേർ പുറത്ത്പോയി ജനങ്ങളെ അതിലേക്ക് നല്ല സ്നേഹത്തോടെ ക്ഷണിച്ച്കൊണ്ട്വരാൻ ശ്രമിക്കുകയും ദീനീ പ്രവർത്തനത്തിൻെറയും ദീനനുസരിച്ച് ജീവിക്കുന്ന തിൻെറയും മഹത്ത്വങ്ങൾ പറഞ്ഞ് എല്ലാവരേയും ദീനീ പ്രവർത്തകരാക്കാൻ ശ്രമിക്കുക.. വേണമെന്ന നിയ്യത്തോടെ ഈ പറഞ്ഞതെല്ലാം എല്ലാവരും ചെയ്യുന്ന പക്ഷം ദീനിൽ അഭിവൃദ്ധി ഉണ്ടാകുമെന്നതിൽ സംശയമില്ല. സ്വന്തം മഹല്ലത്തിൽ ദീനിയായ ഉണർവ് ഉണ്ടാകുന്നതോടു കൂടി അടുത്ത മഹല്ലത്തിൽ നമ്മൾ കശ്ത്ത് ചെയ്യാതിരുന്നാൽ അവിടുത്തെ ദീനില്ലായ്മ ഇന്നാട്ടിലേക്ക് പരക്കാതിരിക്കാനാണ് അടുത്ത നാട്ടിൽ പ്രവർത്തിക്കാൻ നമ്മോട് പറഞ്ഞത്. ഇങ്ങിനെ നമ്മൾ ഇതെല്ലാം ചെയ്യുന്നതോടു കൂടി എല്ലാ ഓരോരുത്തരും എല്ലാ മാസത്തിലെ 30 ദിവസത്തിൽ 27 ദിവസം സ്വന്തം സംമ്പാദ്യ മാർഗ്ഗങ്ങൾക്കും കുടുംബ ജീവിതത്തിന്നും മററ് സ്വന്താവശ്യങ്ങൾക്കും വേണ്ടി കൊടുക്കുകയും വെറും 3 ദിവസം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പുറപ്പെടുകയും ചെയ്യണം. ഇപ്പറഞ്ഞതെല്ലാം കൃത്യമായി എല്ലാവരും ചെയ്യുന്ന പക്ഷം ഇന്ന് മുസ്ലിംകൾക്ക് നേരിട്ട സർവ്വ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്നത് തീർച്ച. ഈ പറഞ്ഞതൊക്കെ ആര്ചെയ്യാൻ. ഇത്കൊണ്ടൊക്കെ ലോകത്ത് എങ്ങിനെ ദീനുണ്ടാകാൻ എന്നൊക്കെ ആർക്കെങ്കിലും തോന്നുന്നങ്കിൽ അത് ശൈത്വാൻെറ വഞ്ചനയാണെന്ന് മനസ്സിലാക്കണം. ഇപ്പറഞ്ഞ ചെറിയ എളിയ പ്രവർത്തനം കാരണമായി ലോകത്ത് ആകമാനം ദീനിനുണ്ടായ ഉയർച്ചകൾ നാം വിലയിരുത്താൻ തയ്യാറാവുംബോൾ നമുക്ക് അത് മനസ്സിലാകും, പക്ഷെ ചിന്തിക്കുന്നവർ വിരളമല്ലേ? അത്കൊണ്ട് ഉമ്മത്തിലെ മുഴുവൻ ഉലമാക്കളും. മുദർരിസീങ്ങളും, മുതഅല്ലിമീങ്ങളും, മുഅല്ലിം, ഖാളി,

ഖത്വീബ്, മുഖ്രി, മററ്എല്ലാവരും ദീനിൻെറ ഈ ആമ്മായ ദഉ്വത്ത്പ്രവർത്ഥനത്തിൽ അഭിപ്രായ വ്യത്യാസങ്ങളൊക്കെ മറന്ന് എല്ലാവരും അല്ലാഹുവിന്ന് വേണ്ടി ഒത്തൊരുമിച്ച് കൂട്ടായി ലോകമാസകലം നടന്ന് കൊണ്ടിരിക്കുന്ന ഈ ദഉ്വത്ത്പ്രവർത്ഥനം ദുനിയാവിൻെറ തിരക്ക്പിടിച്ച കാര്യങ്ങൾഒക്കെ അൽപസൊൽപം അങ്ങുമിങ്ങും അല്ലാഹുവിന്ന് വേണ്ടി മാററി വെച്ച് സ്വന്തം ധനവും ശരീരവും സമയവും എടുത്ത് കുറച്ച് ദിവസങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ത്യാകാർപ്പണത്തോടെ പുറപ്പെടുന്ന പക്ഷം മുഴുവ അമലുകളിലും ഉമ്മത്തിന്ന് നേരിട്ട ചടങ്ങ് രൂപങ്ങളും ഇഖ്ലാസ് കുറവും ദുർഗുണങ്ങളും അല്ലാഹു മാററിത്തരുന്നതും പരിപൂർണ്ണ ഭക്തിയും ഇഹ്തിസാബും ഉണ്ടാക്കി നമുക്ക് കാണിച്ച് തരികയും ചെയ്യും. **ولله العزة ولرسوله وللمؤمنين** അല്ലാഹുവിനും റസൂലിനും മുഉ്മിനീങ്ങൾക്കും മാത്രമാണ് അന്തസ്സും അഭിമാനങ്ങളും എന്ന് അല്ലാഹു പറഞ്ഞത് സത്ത്യമായി നമുക്ക് അനുഭവിച്ചറിയാൻ കഴിയുന്നതുമാണ് , **ان شاء الله تعالي** **والذين جاهدوافينا لنهدينهم سبلنا** എൻെറ മാർഗ്ഗത്തിൽ ത്യാകാർപ്പണം ചെയ്യുന്നവർക്ക് തീർച്ചയായും ഞാൻ എൻെറ ഹിദായത് കൊടുക്കുക തന്നെ ചെയ്യുമെന്ന് ഉറപ്പായ വാഗ്ദാനം പരിശുദ്ധഖുർആനിലൂടെ അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ടല്ലോ. അപ്പോൾ ഹിദാതത്തിന്ന് വേണ്ടി പരിശ്രമവും ത്യാകാർപ്പണവും ചെയ്യാത്ത ഒരാൾക്കും അല്ലാഹുവിൻെറ ഹിദായത്തിൻെറ വാഗ്ദാനം ഇല്ലന്നുള്ളത് ഗൗരവത്തോടെ നാം ഭയപ്പെടേണ്ടതല്ലേ? ഇപ്പോൾ ഉലമാക്കളായ നമ്മുടെ ഉസ്താദുമാർക്ക് തോന്നിയേക്കാം ഞങ്ങൾ അറിവുള്ളവരും ജനങ്ങൾക്ക് പഠിപ്പിക്കുന്നവരുമല്ലേ? ഞങ്ങളൊക്കെ ഇപ്പറഞ്ഞ പോലെ സാധാരണ ജനങ്ങളൊന്നിച്ച് തബ്ലീഗിന് പുറപ്പെട്ട് പോകണ്ട കാര്യമുണ്ടോ എന്ന്. ആ ചിന്ത

തന്നെയാണ് അവരെ തെററിപ്പിച്ചത്: യഥാർത്ഥത്തിൽ എത്ര വലിയ ആലിമാണെങ്കിലും അറിവ് തികഞ്ഞവനാണ് ഞാനെന്ന് അവകാശപ്പെടാൻ ആർക്കെങ്കിലും സാധിക്കുമോ? ശരിയായ ആലിമീങ്ങളാണങ്കിൽ അവർക്ക് അറിവ്കൂടും തോറും വിനയവും തവാളുഉം കൂടിക്കൂടി ഞാൻ എവിടെയും എത്തിയിട്ടില്ലല്ലോ എന്നവസ്ഥ. വരികയല്ലേ വേണ്ടത്. ഇന്നത്തെ ചില ഉലമാക്കളുടെ അവസ്ഥ കണ്ടാൽ അഹംഭാവത്തോടെ അവരെ വാഴ്ത്തപ്പെടാനും ആദരിക്കപ്പെടാനും സദസ്സുകൾ തേടി നടക്കുകയല്ലേ: مهد(തൊട്ടിൽ) മുതൽ لحد(കട്ടിൽ) വരെ ഇൽമ് പഠിക്കാനുള്ളതല്ലെ മസാഇലിൻെറയും ഫലാഇലിൻെറയും ഫത്വയുടേയും അറിവിന്ന് പരിധി ഉണ്ടായേക്കാമെങ്കിലും അററമില്ലാത്ത ആഴക്കടലായ ഹഖീഖത്ത് മഉ്രിഫത്തിൻെറ അറിവുകൾ മുഴുവൻ മനുഷ്യരും ജിന്നുകളും കൂടി പഠിച്ചാലും പറഞ്ഞാലും എഴുതിയാലും എവിടെയും എത്താത്തതുണ്ടല്ലോ ആഖിറത്തെ ലക്ഷ്യമാക്കി ജീവിക്കുന്ന ഒരാൾക്കും ഇത് പഠിക്കാൻ ശ്രമിക്കാതെ പററുമോ? തസ്വവ്വുഫിലൂടെ ആത്മീയതയും തത്ഥ്വച്ഞാനവും ഉണ്ടാവുന്നതിന്ന് ത്യാകാർപ്പണം കൂടാതെ ആർക്കും സാദ്ധ്യമാവുകയില്ലല്ലോ, പുറപ്പെട്ട് പോയി അനുഭവത്തിലൂടെ പഠിക്കുകയല്ലാതെ ഇതൊന്നും പറഞ്ഞാലോ കേട്ടാലോ മനസ്സിലാക്കാൻ കഴിയില്ല. തബ്ലീഗ് ഒരു വ്യക്തിയുടെയോ ശക്തിയുടെയോ പാർട്ടിയുടെയോ പേരിലുള്ളതല്ലെന്നുള്ള സത്യം എല്ലാവരും മനസ്സിലാക്കുകയും എനിയെങ്കിലും ഇതിനെ കരിവാരിത്തേക്കാതിരിക്കുകയും ചെയ്യണമെന്ന് ഉപദേശിച്ച് തൽക്കാലം ഞാൻ അവസാനിപ്പിക്കുകയാണ്. തെററിദ്ധാരണയും കുററാരോപണങ്ങളും എന്തൊക്കെയെന്നും ആരൊക്കെ പററി എങ്ങിനെയൊക്കെ അവർ പുസ്തകം കെട്ടിപ്പടച്ചുണ്ടാക്കി പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും അക്കാര്യങ്ങളെല്ലാം

വളരെ നല്ലനിലയിൽ എല്ലാവർക്കും മനസ്സിലാകത്തക്ക വണ്ണം എൻെറ പ്രിൻറ്ചെയ്ത മുൻ പുസ്തകമായ തബ്ലീഗ് വിമർശനങ്ങളുടെ മറുവഷം എന്ന പുസ്തകത്തിൽ ഞാൻ നന്നായി വിശധീകരിച്ചിട്ടുണ്ട്. സത്യാ അസത്ത്യങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർ ആ പുസ്തകം വാങ്ങി വായിക്കുന്നപക്ഷം കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കാവുന്നതും വീണ്ടും വല്ല സംഷയങ്ങളും ബാക്കിയുണ്ടങ്കിൽ തബ്ലീഗ് പ്രവർത്ഥനത്തിൽ അറിയപ്പെടുന്ന: ബഹു: ഉസ്താദ് അബുൽഖൈർ മൗലവി ചെറൂപ മാവൂര്: അവർകളെയോ: ബഹു: ഉസ്താദ് നാലകത്ത് അലിക്കോയ മൗലവി കോഴിക്കോട്: അവർകളെയോ മററ്ധാരാളം ഉലമാക്കളിലാരെങ്കിലും നേരിൽ കണ്ട് സംശയങ്ങൾ തീർക്കാവുന്നതുമാണ്.

വേലൂർ ബാഖിയാതുസ്സ്വാലിഹാത്തിലെ ഒരു ഫത്വ

ചോദ്യം:. തബ്ലീഗ്കാർ എങ്ങിനെയുള്ളവരാണ്. അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വീക്ഷ ണത്തിൽ അവരോട് സഹകരിക്കുന്നതിൻെറ വിധിയെന്ത്?

ഉത്തരം:.

തബ്ലീഗ് പ്രവർത്ഥകർക്കുള്ള നിർദ്ദേശങ്ങളടങ്ങിയതും കലിമ, നിസ്കാരം, മത വിജ്ഞാനം, ദിക്ർ, മുസ്ലിംകളെ ബഹുമാനിക്കൽ, സമയം ഒഴിവാക്കി എടുക്കൽ, മുതലായ സംഗതികൾ വിവരിച്ചിട്ടുള്ളതുമായ തബ്ലീഗിൻെറ ആർ കാര്യങ്ങൾ എന്ന പുസ്തകം പരിശോധിക്കുംബോൾ വിശിഷ്യാ സമയം ഒഴിവാക്കിയെടുത്ത് ജമാഅത്തിൽ പുറപ്പെടുകയെന്ന ഭാഗം വായിക്കുംബോൾ അശ്രദ്ധയും കുഴപ്പങ്ങളും നടമാടു

ന്നതും നിരീഷ്വരത്വം ക്രിസ്ത്യാനിസം മത നിശേധം ബഹു ദൈവാരാധന മുതലായവയുടെ വേലിയേററം നടക്കുന്നതുമായ ആധുനിക യുഗത്തിൽ തബ്ലീഗ് പ്രവർത്ഥകരുടെ പ്രവർത്ഥന ശൈലി വളരെ അനുയോജ്യമാണെന്ന് കാണാവുന്നതാണ്.

ദഉ്വത്തിൻെറ ഇനങ്ങൾ

അമുസ്ലിംകളിൽ വിശ്വാസവും. മുസ്ലിമീങ്ങളിൽ അഹ്കാമും. അശ്രദ്ധരായ മുസ്ലിംകളിൽ അനുഷ്ഠാന കർമ്മങ്ങളുമാണ് പ്രബോധനം ചെയ്യേണ്ടത്. തബ്ലീഗ്കാർ നടത്തുന്നത് അനുഷ്ഠാന കർമ്മങ്ങളുടെ പ്രബോധനമാണ്. സ്വന്തം പ്രദേശങ്ങളിൽ വെച്ച് അനുഷ്ഠാനങ്ങൾ മെച്ചപ്പെടുത്താൻ കഴിയാത്തവർ തങ്ങളുടെ ചുററുപാടുകളിൽ നിന്നും യാത്ര പുറപ്പെട്ട് ഒരാളുടെ നേതൃത്ത്വത്തിൽ തബ്ലീഗ് പ്രവർത്ഥന വേളയിൽ പഠനത്തിന്ന് വേണ്ടി നിശ്ചയിക്കപ്പെട്ട കിതാബുകൾ പരസ്പരം പഠിക്കുന്ന പക്ഷം അമലുകൾ മെച്ചപ്പെടുത്തി നല്ലവരായിത്തീരുമെന്നാണവർ കരുതുന്നത്. കാരണം പ്രസ്ഥുത കിതാബുകളിലുള്ളത് അനുഷ്ഠാനങ്ങൾ മെച്ചപ്പെടുത്താൻ പ്രചോദനം ലഭിക്കുന്ന ആയത്തുകളും നബി വജനങ്ങളുമാണ്. അമീറിൻെറ നിർദ്ധേശ പ്രകാരം പരസ്പരം ഉപദേശിക്കുന്നതിനാൽ നിസ്കാരം അറിയാത്തവർ നിസ്കാരം പഠിക്കുന്നു. ചെറിയ ചെറിയ സൂറത്തുകൾ, അത്തഹിയ്യാത്ത്, സ്വലാത്ത്, റുകൂഉ്സുജൂദുകളിലെ തസ്ബീഹുകൾ, ഖുനൂത്, മുതലായവ പഠിച്ച് നിസ്കാരം തുടങ്ങുന്നു. 5 നേരത്തെ നമസ്കാരം പതിവായും കൃത്യമായും അനുഷ്ഠിക്കുന്നവരായി മാറുന്നു. വിശുദ്ധ നോംബ്, സകാത്ത്, ഹജ്ജ്, എന്നിങ്ങിനെ സർവ്വ അമലുകളും ചെയ്യുന്നവരായി മാറുന്നു. ഇന്ന് അധികസ്ഥലങ്ങളിലും മുസ്ലിംകളെ കണ്ടാൽ തിരിച്ചറിയാൻ പ്രയാസമല്ലെ?

അമുസ്ലിംകൾക്കിടയിൽ മുസ്ലിമീങ്ങളും അമുസ്ലിംകളെ പോലെയിരിക്കും. മുസ്ലിംകളെ തിരിച്ചറിയാൻ കഴിയുന്നില്ല. ഇസ്ലാമിൻെറ ചിന്നമായ താടിയോ തൊപ്പിയോ കാണുകയില്ല. തബ്ലീഗിൽ പ്രവർത്ഥിക്കുന്നവരെ ഇതിന്ന് വിപരീതമായി കാണുന്നു. അവർ തൊപ്പി ധരിക്കുന്നു. ഏതാനും ദിവസം ജമാഅത്തിൽ കഴിയുന്നതോടെ ഇസ്ലാമിൻെറ ചിന്നമായ താടിയും വളർത്തുന്നു തങ്ങൾ മുസ്ലിംകളാണെന്ന് തെളിയിക്കുന്നു. മാസംതോറും വർഷംതോറും സംഘടിപ്പിക്കപ്പെടുന്ന തബ്ലീഗ് സമ്മേളനങ്ങളിൽ സംബന്ധിക്കുന്നവർക്ക് ഈ യാഥാർത്ഥ്യം അനുഭവ ബോദ്ധ്യമായിരിക്കും. ഇസ്ലാമിക വേശവിധാനങ്ങളാൽ അലങ്കൃതമായവരെയാണ് ഇവിടെ കാണുക. ഉത്തരവാദിത്തപ്പെട്ട തബ്ലീഗ് പ്രവർത്ഥകർ ഓരോ മുസ്ലിമിൻെറയും കഴിവുകൾ കണക്കിലെടുത്താണ് പ്രവർത്ഥനങ്ങളിൽ സംബന്ധിപ്പിക്കുന്നത്. കഴിവ് കുറഞ്ഞവർ ഒരു ജില്ലയിലൊതുങ്ങുന്ന ഗ്രാമങ്ങളിൽ പര്യഠനം നടത്തി അവിടെയുള്ള പള്ളികളുടെയും . ആളുകളുടെയും സ്ഥിതികതികൾ ശ്രദ്ധിക്കണമെന്നും ഇട്ത്തരക്കാർ സംസ്ഥാന തലത്തിലും കൂടുതൽ കഴിവുള്ളവർ രാഷ്ട്ര തലങ്ങളിലും പ്രവർത്ഥിച്ച് നബിയുടെ സ്വഭാവ ചര്യകൾ അപ്പടി ജീവിതത്തിൽ പകർത്തിയിരുന്ന. തങ്ങളുടെ ജീവിതം കണ്ട് അമുസ്ലിംകൾ ഇസ്ലാംമതം സ്വീകരിച്ചിരുന്ന ബഹുമാനപ്പെട്ട സ്വഹാബി വര്യൻമാരോടുള്ള അനുകരണം പൂർത്തിയാക്കണമെന്നാണ് അവർ ഉപദേശിക്കുന്നത്. അനുഷ്ഠാനങ്ങളുടെ പ്രബോധനം വഴി സൽസ്വഭാവവും സദാചാരവു മുൾക്കൊണ്ട് മാതൃകാ ജീവിതം നയിക്കേണ്ട കാലമാണിത്. എങ്കിലേ അമുസ്ലിംകളും ഇസ്ലാമിക ജീവിതത്തിലേക്ക് ആഗൃഷ്ഠരാവുകയുള്ളു. അശ്രദ്ധയും കുഴപ്പങ്ങളും സർവ്വത്ര നടമാടുന്ന ആധു

നിക യുഗത്തിൽ അനുഷ്ഠാന മുറകളുടെ പ്രചരണം കൂട്ടായി നടത്തുന്നത്വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പല നാടുകളിലും അല്ലാഹുവിൻെറ അടിമകൾ നേർമാർഗ്ഗം പ്രാപിക്കുകയും അവർ കാരണമായി മത വിദ്യാഭ്യാസത്തിന്ന് വളരെയധികം അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പലയിടത്തും ചെറിയ ചെറിയ മദ്രസകൾ ഉടലെടുത്തു. ചില പ്രദേശങ്ങളിൽ വലിയ വലിയ മത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിതമായി. തൃശിനാപള്ളീ, ബാംഗ്ളൂർ, എടത്തല മുതലായ പല സ്ഥലങ്ങളിലും എന്നല്ല പല വിത്യസ്ഥ രാഷ്ട്രങ്ങളിൽ പോലും ധാരാളം മത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. ഒരു തബ്ലീഗ് പ്രവർത്ഥക സംഘത്തോടൊപ്പം ഇന്ത്യയിലുടനീളമൊന്ന് പര്യഠനം നടത്തി നോക്കൂ. അപ്പോൾ കാണാം തബ്ലീഗ് പ്രവർത്ഥനത്തിൻെറ നല്ല ഫലങ്ങളെന്തൊക്കെയാണെന്ന്. ഹനഫീ മദ്ഹബ്കാരനും സുന്നീ വിശ്വാസിയും ശൈഖുൽമശാഇഖും ശൈഖുൽഹദീസുമായ ഹസ്റത്ശാഹ്, വലിയ്യുല്ലാഹിദ്ദഹ്ലവി അദ്ദേഹത്തിൻെറ ഹുജജത്തുല്ലാഹിൽ ബാലിഗയിൽ ജമാഅത്ത് നിസ്കാരത്തിൻെറ മഹത്വം വിവരിക്കുന്ന അദ്ധ്യായത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. തിൻമകൾ വ്യാപകമായിത്തീരുകയും നിർബന്ധങ്ങളും സുന്നത്തുകളും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്ന കാലത്ത്, (ഇന്നത്തെപ്പോലെ ധാർമ്മിക തകർച്ചയുടെ കാരണമായ സിനിമ. നാടുതോറും വന്നെത്തുകയും വീട് തോറും ടെലിവിഷനും സംഗീതോപകരണങ്ങളും ശബ്ദമുയർത്തുകയും ചെയ്യുന്ന കാലം) തിൻമകൾ നിശ്കാസനം ചെയ്ത് നൻമകളെ ജീവിപ്പിക്കുവാൻ പററിയ ഏററവും യുക്തി പൂർവ്വകമായ പ്രവർത്ഥനം. ഏതെങ്കിലുമൊരു നിർബന്ധ കടമ തിരഞ്ഞെടുത്ത്

അതിന്ന് നല്ല പ്രചാരം നൽകുകയും അത് പ്രയോഗ ത്തിൽ വരുത്തുകയുമാണ്. വേണ്ടത്. പൺഠിതനും, പാമരനും, ധരിദ്രനും, ധനികനും, ഗ്രാമീണനനും, നഗരവാസിയുമെല്ലാ മൊത്തൊരുമിച്ച് പ്രസ്ഥുത സംഗതി പ്രയോഗത്തിൽ കൊണ്ടുവരണം. അങ്ങിനെ അത് നിർവ്വഹിക്കാത്തവർ നാണിച്ച് പോവുകയും അത് നിർവ്വഹിക്കുകയല്ലാതെ യാതൊരു ഗത്ത്യന്തരവു മില്ലന്ന അവസ്ഥാ വിശേഷം സംജാതമാവുകയും ചെയ്യ ത്തക്കവണ്ണം അതിൻെറ പ്രവർത്ഥനം വ്യാപകമാക്കണം. നിർബന്ധ കടമകളിലതിന്നേററവും പററിയത് നമസ്കാ രമാണല്ലോ. അത് പ്രയോഗത്തിൽ വരുത്തിക്കൊണ്ട് പ്രചരിപ്പിക്കണം. നിർബന്ധമായ ഈ അമൽകാരണം മററ് നിർബന്ധ അമലുകളും ജീവിച്ച് തുടങ്ങുന്നതും ദുഷ്കർമ്മങ്ങൾ ദൂരീകരിക്കപ്പെടുന്നതുമാണ്. അന ന്തരം നബി(സ)യുടെ സ്വഭാവചര്യകൾ ജീവിതത്തിൽ പകർത്തിക്കൊണ്ട് നാട്തോറും ഇസ്ലാം പ്രചരിപ്പിക്കണം. അപ്പോൾ പ്രായോഗികമായ ഇസ്ലാമിക ജീവിതം പ്രത്ത്യക്ഷത്തിൽ കണ്ട്മനസ്സിലാക്കി അമുസ്ലിംകളും ഇസ്ലാമിലേക്കാ കർശിക്കപ്പെടുന്നതാണ്. ഇത്രയും പറഞ്ഞതാണീ തബ്ലീഗ് പ്രവർത്ഥനം കൊണ്ടുദ്ദേശിക്ക പ്പെട്ടിട്ടുള്ളത്. വാസ്ഥവത്തിൽ ഇത്അനുഷ്ഠാന കർമ്മ ങ്ങളുടെ പ്രബോധനവും അമലുകൾ ജീവിപ്പിക്കലു മാണ്. നിൻെറ രക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് യുക്തിയോടും സദുപദേശത്തോടും കൂടെ നീ ക്ഷണി ക്കുക (വി:ഖു) അനുഷ്ഠാനങ്ങളുടെ പ്രബോധനമായ ഈ തബ്ലീഗ് പ്രവർത്ഥനം യുക്തി പൂർവ്വകമായ പ്രബോധനത്തിന്നൊരു മാതൃകയാണ്. പ്രസ്ഥുത ദീനീ പ്രവർത്ഥനത്തിൻെറ ഉത്തരവാദപ്പെട്ട മൗലാനാ ഹസ്റത് മുഹമ്മത് ഇൽയാസ്, മൗലാനാ മുഹമ്മത് സകരിയ്യാ സാഹിബ്, മൗലാനാ മുഹമ്മത് ഉമർ

പാലംബൂരി മുതലായവരെല്ലാം അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിൽ പെട്ടവരാണ്. ഹസ്റത് മൗലാനാ സകരിയ്യാ സാഹിബിൻെറ (അൗജസുൽമസാലിക്) ശറഹ്മുവത്ത്വഅ്. ഇമാം മാലിക്: തബ്ലീഗീ നിസ്വാബ്: മൗലാനാ മുഹമ്മത് യൂസുഫ് സാഹിബിൻെറ അമാനിൽഅബ്റാർ: ശറഹ്മആനിൽആസാർ: എന്നീ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം വ്യക്തമാകുന്നതാണ്. അറബികളുടെയും അനറബിക ളുടെയും ആത്മീയനേതാവും എൻെറ ഗുരുവര്യരുമായ ശൈഖുൽഇസ്ലാം ഹുസൈൻ അഹ്മദ് മദനീ അവർ കൾ തബ്ലീഗിൻെറ മുഖ്യസഹായിയായിരുന്നു. ഇവരെ ല്ലാവരും അഹ്ലുസുന്നത്തി വൽജമാഅത്തിൽ പെട്ടവ രാണ്. ആരെങ്കിലും കബളിപ്പിക്കുന്നതിൽ കുടുങ്ങി പ്രസ്ഥുത മഹാൻമാർ സുന്നികളല്ലെന്ന് പറയുന്നവർ ഖിയാമത്ത്നാളിൽ ഈ അപരാധത്തിന്ന് മറുപടി പറയേണ്ടിവരും. അത്കൊണ്ട് അല്ലാഹുവിനെ ഭയന്ന് സത്യത്തെ സഹായിക്കുക. യാഥാർത്ഥ്യത്തെ എതിർ ക്കാതിരിക്കുക. ചുരുക്കത്തിൽ തബ്ലീഗ് പ്രവർത്ഥനം ഇക്കാലത്ത് ഇസ്ലാമിന്നു വേണ്ടി പ്രവർത്ഥിക്കുന്നവർക്ക് ഏററവും പററിയ യുക്തി പൂർവ്വകമായ മാതൃകാ പ്രവർത്ഥനമാണ്. എൻെറ ഗുരുവര്യരായ മുഫ്തീ അഉ്സം ശൈഖ് ആദം ഹസ്റത് ഈ രീതിയിൽ തബ്ലീഗ്നടത്തുന്നതിനെ എതിർത്തിട്ടില്ല. അറിവല്ലാ ത്തവർ മതപ്രസംഗം നടത്തുന്നതിനെയാണ് അദ്ധേഹം എതൃത്തത്. അവർ ഈ പ്രവർത്ഥന ഫലമായി അവ രുടെ അനുഭവങ്ങളും തങ്ങൾക്ക് ലഭിച്ച ദീനിയായ നേട്ടങ്ങളും വിവരിച്ച് കേൾപിക്കുക മാത്രമേ ചെയ്യാവൂ. പാണ്ഡിത്ഥ്യമില്ലാത്തവർ പ്രസംഗം നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദയൂബന്ദിലെ മശാഇഖു കളും തബ്ലീഗ്പ്രവർത്ഥനത്തിൽ അറിയപ്പെടുന്ന

നേതാക്കളും ശരീഅത്ത്പ്രകാരം പ്രവർത്തിക്കുന്നവരുമാണ്. എന്റെ ഉസ്താദ്മുഫ്തീ അഉ്സം ശൈഖ്ആദം ഹസ്റത്ത് അവർകൾ പ്രസ്തുത മഹാൻമാർ അഹ്ലുസുന്നത്തിൽ പെട്ടവരാണെന്ന് സമ്മതിച്ചിട്ടുള്ളതാണ്. അതിനാൽ ഇതിന്ന്വിപരീതമായി എന്തെങ്കിലും പറയാതിരിക്കുക. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു

പട്ടേൽ: അബുൽഫസൽഅബ്ദുൽവഹ്ഹാബ്:
മുഫ്തി: ബാഖിയാത്തുസ്സാലിഹാത്ത്: വേലൂർ: (ഒപ്പ്)

ബഹു: ദയൂബന്ദ് ഉലമാക്കളേയും തബ്ലീഗ് പ്രവർത്തനത്തേയും ആക്ഷേപിക്കപ്പെടാനുണ്ടായ യഥാർത്ഥ കാരണങ്ങൾ

(ദയൂബൻന്ദ് ഉലമാക്കൾ ബ്രിട്ടീശുകാരുടെ ദുർഭരണത്തിനെതിരെ സമരങ്ങളും യുദ്ധങ്ങളും പ്രഖ്യാപിക്കുകയും അതിന്ന് ഇന്ത്യൻ മുസ്ലിംകളെ അവരുടെ കൂടെ ഒന്നിപ്പിക്കുന്നതിന്ന് ശ്രമം നടക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ ബ്രിട്ടീശുകാർ ഇവിടന്ന് ഒഴിഞ്ഞ് കെട്ട്കെട്ടി പോയാൽ ഇന്ത്യ സ്വതന്ത്രമാവുകയും ഹൈദരാബാദ് നൈസാമിന്ന് അയാളുടെ രാജഭരണം ഹൈദരാബാദിൽ നഷ്ഠപ്പെടുമെന്നും നൈസാം ഭയപ്പെടുകയും അതിന്ന് ബഹുമാനപ്പെട്ട ദാറുൽഉലൂം ദയൂബന്ദ് ഉലമാക്കളെ ജന മദ്ധ്യേ ആക്ഷേപിക്കപ്പെടാനും മുസ്ലിം സ്വാധീനം അവർക്ക് നഷ്ടപ്പെടുത്താനും മാർഗ്ഗമെന്താണെന്ന് ഗൗരവമായി ചിന്തിക്കുകയും അതിന്ന് അയാളുടെ മുഫ്തിയായിരുന്ന അഹ്മദ് റിളാഖാൻ ബറേൽവിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങിനെ ആത്മീയ നേതാക്കളായ ഔലിയാ പരംബരയിൽ പെട്ട ബഹുമാന ഉലമാക്കളും മശാഇഖുകളുമായ ദയൂബന്ദ് ആലിമീങ്ങളുടെ ചില

പ്രധാനപ്പെട്ട തസ്വ്വീഫിന്റെയും മററുമായ ആഴമേറിയ അവരുടെ പാണ്ഡിത്ത്യത്തിൽ നിന്നും എഴുതിയ അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് ചില വാജകങ്ങളും അടർത്തിയെടുത്ത് ആ മഹാൻമാർആരും ചിന്തിക്കുക പോലും ചെയ്യാത്ത പല കാര്യങ്ങളും അവരുടെ ഗ്രന്ഥങ്ങളിലുണ്ടെന്ന് പറഞ്ഞ് അതിന്ന് സ്വന്തമായി വിശദീകരണങ്ങൾ നൽകി ഏതൊരു മുസ്ലിമിന്നും രക്തം ചൂടാകുന്ന രീതിയിൽ തന്ത്രപൂർവ്വം മാററി മറിച്ച് അതിനെ പുസ്തക രൂപത്തിലാക്കി ആരോപിക്കപ്പെടുന്ന ആ മഹാൻമാരുടെ ഉറുദുവിൽരജിച്ച പുസ്തകങ്ങളിലെല്ലാം വികലവും വികൃതവുമാക്കിയ ഭാഗങ്ങൾ അറബിയിലാക്കി അവതരിപ്പിക്കുകയും അഹ്മദ് റിളാഖാൻ മക്കാ മദീനയിൽ ചെന്ന് അവിടെ തലയെടുപ്പുള്ള ഉലമാക്കൾക്ക് ഈ പുസ്തകങ്ങൾ ഇന്നയിന്ന ആൾക്കാരതാണെന്നും അതിൽ ഇന്നയിന്ന അബദ്ധങ്ങൾ എഴുതിയിട്ടുണ്ടെന്നും പറഞ്ഞ് തെററിദ്ധരിപ്പിച്ചു. ഈ ഉലമാക്കളെല്ലാം കാഫിറാണെന്ന് നിങ്ങൾ ഫത്വ തരണമെന്നും തന്നില്ലങ്കിൽ ഇന്ത്യൻ മുസ്ലിംകൾ ഒന്നടങ്കം ഇവരുടെ കൂടെ വഴി പിഴച്ച് കുഫ്രിയത്തിലേക്ക് പോകുമെന്നും അവരെ പറഞ്ഞ് ധരിപ്പിച്ച് അവരെക്കൊണ്ട് ഫത്വ എഴുതിപ്പിച്ച് ഒപ്പ് വെപ്പിക്കുകയും അങ്ങിനെ അദ്ധേഹം തിരിച്ച് വരികയും. ശുദ്ധ ഗതിക്കാരായ അവിടെയുള്ള അറബ് പണ്ഡിതൻമാർക്ക് ഉറുദു അറിയാത്തതിനാൽ ഈ മെനഞ്ഞെടുത്ത വഞ്ചനയിൽ പെട്ട് അവർ ഒപ്പ് വെച്ച്കൊടുക്കുകയും ചെയ്തു. ഈ ഫത്വയുടെ കോപി ഹുസാമുൽ ഹറമൈനി എന്ന പേരിൽ റിളാഖാൻ ബറേൽവി അച്ചടിപ്പിച്ച് ഇന്ത്യയിലും പാകിസ്ഥാനിലും മററ് പല സ്ഥലങ്ങളിലും ബ്രിട്ടീഷ് സഹായത്തോടെ ധാരാളം

പ്രസിദ്ധപ്പെടുത്തുകയും അങ്ങിനെ ഇത് വായിക്കുകയും പറയുകയും കേൾക്കുകയും ചെയ്തപ്പോൾ എല്ലാ മുസ്ലിംകൾക്കും അവരുടെ രക്തം ചൂട്പിടിക്കുകയും ദയൂബന്ദ് ഉലമാക്കൾക്ക് എതിരിൽ ജനം തിരിയുകയും ചെയ്തു. പിന്നീട് സഊദി അറേബ്യായിലെ ഉലമാക്കൾ ദയൂബന്ദ് ഉലമാക്കളുമായി സമഗ്രമായി അക്കാര്യത്തെ പററി അന്വേശിക്കുകയും ചെയ്തപ്പോൾ ആ മഹാൻമാർ ഞങ്ങളാരും ഇങ്ങിനെ തെററായ യാതൊരാശയങ്ങളും ഞങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതുന്നത് പോയിട്ട് ഞങ്ങൾ ഇങ്ങിനെ ചിന്തിക്കുക പോലും ചെയ്തിട്ടില്ല എന്ന മറുവടി കേട്ടപ്പോൾ. അഗാധ പണ്ഡിതരെന്നല്ല അക്കാലത്തെ അല്ലാഹുവിൻെറ ഔലിയാക്കളും, ഖാദിരി, ജിശ്തി, നഖ്ശബന്ദീ, സുഹ്റവർദി എന്നീ ആത്മീയ പരംബരയിൽ പെട്ട നേതാക്കളും മശാഇഖുകളുമായ മഹാത്മാക്കളെ കാഫിറാക്കുന്ന ഫത്വകളിലാണല്ലോ ഞങ്ങൾ ഒപ്പ് വെച്ച് പോയത്. എന്ന് ബോദ്ധ്യപ്പെട്ടപ്പോൾ മക്കാ മദീനായിലെ ആ ഉലമാക്കൾക്ക് വലിയ സങ്കടവും മന: പ്രയാസവും ഉണ്ടാവുകയും. അഹ്മദ്റിളാഖാൻ ഞങ്ങളെ പറഞ്ഞ് തെററിദ്ധരിപ്പിച്ച് ഒപ്പ് വെപ്പിച്ചതാണെന്നും ഈ ആരിഫീങ്ങളായ ഇത്തരം മഹാത്മാക്കളെ പററിയാണല്ലോ ഞങ്ങൾ അബദ്ധത്തിൽ കുഫ്ർ ഫത്വ കൊടുത്ത് പോയത് എന്ന് പറഞ്ഞ് സങ്കടപ്പെടുകയും. അങ്ങിനെ മക്കാ മദീനായിലെ ഉലമാക്കളുടെ ചോദ്യത്തിന്ന്. ദയൂബന്ദ് ഉലമാക്കൾ അവരുടെ നിരപരാധിത്ത്വവും വിശ്വാസാദർശങ്ങളുടെ ശരിയായ വിശധീകരണങ്ങളും അവിടെ നിന്ന് അറബിയിൽ എഴുതി അവർക്ക് അയച്ച് കൊടുക്കുകയും അതിൽ ഇന്ത്യയിലെ ഉന്നത

ശീർഷരായ 24 മഹാ പണ്ഡിതൻമാർ ഒപ്പ് വെക്കുകയും ചെയ്തിരുന്നു. ഈ ഉത്തരം കണ്ടതിന്ന് ശേഷം അവർ പ്രസ്ഥുത മഹാൻമാരെ ശരി വെക്കുകയും മക്ക, മദീന, ഈജിപ്ത്, ത്രിപ്പോളിയാ, ദമസ്കസ്, അൾജീരിയ, ബുഖാറ, തുനീഷ്യ, നാബൽസ് മുതലായ രാജ്യങ്ങളിലെ 48 മഹാ പണ്ഡിതൻമാർ ഒപ്പ് വെച്ച് ബിൻബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്ഥുത ചോദ്യോത്തരങ്ങളുടെ സമാഹാരം അത്ത്വസ്ദീഖാത് ലി ദഫ്ഇത്തൽബീസാത്. എന്ന പേരിൽ അറിയപ്പെടുന്നു. ആദ്യം ഹുസാമുൽ ഹറമൈനിയിൽ അബദ്ധത്തിൽ ഒപ്പ്വെച്ച് പോയ ഹറമൈനിയിലെ പണ്ഡിതൻമാർ മറുപടി കണ്ടപ്പോൾ അവരുടെ അഭിപ്രായം തിരുത്തുകയും ബരേൽവി നേതാവ് നമ്മളെ വഞ്ചിച്ച് ഒപ്പ് വെപ്പിച്ചതാണെന്ന് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹുസാമുൽ ഹറമൈനി എന്ന ഗ്രന്ഥം അച്ചടിച്ച് പ്രസിദ്ധം ചെയ്തത്. പലയിടത്തും ധാരാളമായി എത്തുകയും. ബരേൾവി കെട്ടിപ്പടച്ചുണ്ടാക്കിയ കുററാരോപണം ജനങ്ങൾക്കിടയിൽ പ്രചരിക്കുകയും. മക്കാ മദീനായിലെ ഉലമാക്കൾ അവരുടെ അഭിപ്രായങ്ങൾ തിരുത്തി എഴുതിയ കോപികൾ വേണ്ടത്ര ഫല പ്രദമായി അച്ചടിച്ച് പ്രസിദ്ധപ്പെടുത്താനോ ഇന്ത്യയൊട്ടുക്കും അറിയപ്പെടാൻ സഹായകമോ ആയിരുന്നില്ല. അങ്ങിനെ വിശുദ്ധ മദീനയിലെ പണ്ഡിതൻമാർ ഈ വിഷയത്തിൽ പ്രത്യേകം കൃതികൾ തന്നെ രജിച്ചിട്ടുണ്ട്. അവയിലൊന്ന് ഗായത്തുൽമള്മൂൽ. എന്ന് അറിയപ്പെടുന്നു. അതിൽ ബരേൽവി നേതാവിൻെറ തെററായ ആശയങ്ങളെ ലക്ഷ്യസഹിതം നിശിദ്ധമായി ഖണ്ഡിക്കുകയും തൻെറ മറി മായത്തിൻെറ മൂട്പടം

പിച്ചിച്ചീന്തി സത്യാവസ്ഥ പുറത്ത് കൊണ്ട് വരികയും ചെയ്തിട്ടുണ്ട്. മററൊരു കൃതി തസ്ഖിഫുൽ കലാമാണ്. റുജൂമുൽ മദനിയ്യീൻ അലാ റുഊസു ഷ്ഷയാഥ്വീൻ എന്ന പേരിൽ മററൊന്നും അറിയപ്പെടുന്നു. അത്ത്വസ്ദീഖാത് ലി ദഫ്ഇ ത്തൽബീസാതിന്റെ ഉറുദു വിവർത്ഥനമാണ് അഖ്വാഇദേ ഉലമാ ഏ ദയൂബന്ദ്. (ദയൂബന്ദ് ഉലമാക്കളുടെ ആദർശങ്ങൾ) ഈ പ്രശ്നങ്ങളത്രയും ആ ഗ്രന്ഥത്തിൽ സവിസ്ഥരം പ്രതിപാദിച്ചിട്ടുണ്ട്. ബരേൽവി നേതാവ് ഹുസാമുൽ ഹറമൈനിയിൽ എങ്ങിനെയാണ് ഒപ്പ് വെപ്പിച്ചത് എന്നും അതിൽ ഉന്നയിച്ച ആരൊപണങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കാൻ മൗലാനാ ഹുസൈൻ അഹ്മദ്മദനിയുടെ അശശിഹാബു സ്സ്വാഖിബ് അലൽമുസ്തരിഖിൽ കാദിബ്. വായിക്കുക. മഹാൻമാരുടെ വാചകങ്ങളിൽ തിരിമറി നടത്തിയത് എങ്ങിനെയെന്ന് മനസ്സിലാക്കാൻ അസ്സ്വഹാബുൽ മിദ്റാർ ഫീ തൗസീഇ അഖ്വാലിൽ അഖ്യാർ. വായിക്കണം. ഈ ഗ്രന്ഥത്തിൽ ബറാഹീനുൽ ഖ്വാത്വിഅയുടേയും ഹിഫ്ളുൽ ഈമാനിന്റെയും രചയിതാക്കളോട് തങ്ങളുടെ വാചകങ്ങളെ സംബന്ധിച്ച് എഴുതിച്ചോദിച്ചതിന്ന് അവർ നൽകിയ വിശധീകരണങ്ങൾ കത്തുകളും മറുപടികളും സഹിതം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹിഫ്ളുൽ ഈമാനിന്റെ വ്യാഖ്യാനം അതിന്റെ കർത്താവ് മൗലാനാ അശ്റഫ്അലി ഥാനവി തന്നെ തന്റെ ബസ്തുൽ ബനാനിൽ എഴുതിയിട്ടുണ്ട്. അനന്തരം മററൊരു വ്യാഖ്യാനം എഴുതി തൗസീഉൽബയാൻ. ശേഷം മററൊരു വ്യാഖ്യാനവും കൂടി എഴുതി തക്മീലുൽ ഇർഫാൻ. കൂടാതെ ദയൂബന്ദ് മഹാൻമാരുടെ വാചകങ്ങളും ഇത്തരം സകല പ്രശ്നങ്ങളും

സംബന്ധിച്ച് അൽജുന്ന ലി അഹ്ലിസ്സുന്ന. എന്നൊരു സംമ്പൂർണ്ണ ഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടുണ്ട്. ബരേൽവിയേയും ഥാനവിയേയും സംബന്ധിച്ച് നിരവധി പുസ്തകങ്ങളും, റാഹേ സുന്നത്, റസാഖാനീ മദ്ഹബ്, അല്ലാ ഹസ്റത്കാ ദീനോ മദ്ഹബ്, തക്ഫിരീ അഫ്സാനീ, മുതലായ പല കൃതികളും വന്നിട്ടുണ്ട്. ഇവയിലെല്ലാം പ്രസ്ഥുത സംശയങ്ങൾക്കുള്ള വ്യക്തവും ശക്തവുമായ വിശധീകരണങ്ങളും മറുപടികളും അടങ്ങിയിട്ടുണ്ട്. ഇത്രയും കാലമായിട്ടും ജന മദ്ധ്യേ പ്രചരിച്ച് കഴിഞ്ഞ ഈ കൃതികളൊന്നും കേരളാ ബരേൽവികൾക്ക് ഇതുവരെ കാണാൻ കഴിയാഞ്ഞത് ഒരത്ഭുതം തന്നെ. മഹാൻമാരെ ആക്ഷേപിച്ചു കൊണ്ട് ബരേൽവി നേതാവ് ശൈഥ്വാനിയ്യത്തിന്റെ മാരകമായ നഞ്ഞ്കൊണ്ട് എഴുതപ്പെട്ട ഹുസാമുൽ ഹറമൈനിയാവട്ടെ. അത് കാട്ട്തീ പോലെ എല്ലായിടത്തും പടർന്ന് പിടിക്കുകയും പാടിപ്പറഞ്ഞ് നടക്കുകയും ചെയ്യുന്നു. ശൈഥ്വാൻ അന്ത്യനാൾ വരെ അവന്റെ പണി പയററിക്കൊണ്ടിരിക്കുമല്ലോ. പരിശുദ്ധ ദീനിന്ന് വേണ്ടി എല്ലാം അർപ്പണം ചെയ്ത ഇത്തരം സൂഫിയാക്കളായ ആത്മീയ നേതാക്കളും തങ്ങളുടെ ഗുരുവര്യൻമാരുമാണ് ഈ ആക്ഷേപിക്കപ്പെടുന്ന മഹാൻമാർ എന്ന സത്യം മറന്ന് നമ്മളും അതിൽ കൂടിക്കൊടുക്കുകയാണ് ചെയ്യുന്നത്. من عادا لي وليا فقدأذنته بالحرب എന്റെ ഔലിയാക്കളോട് ശത്രുത കാണിക്കുകയോ അവരെ ബുദ്ധിമുട്ടിക്കുകയോ ചെയ്യുന്നവരോട് ഞാൻ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു എന്ന് അല്ലാഹുതആല ഖുദ്സിയായ ഹദീസ് ശരീഫിലൂടെ നമ്മോട് പറഞ്ഞതിനെ നാം വിസ്മരിച്ച് കളയാതെ എനിയെങ്കിലും തബ്ലീഗ് പ്രവർത്ഥനത്തിൽ

അറിയപ്പെടുന്ന ആലിമീങ്ങളെ സമീപിച്ച് കാര്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കാൻ നമ്മൾ ശ്രമിക്കുകയും ഏതോ കേട്ട്കേൾവിയുടെ പേരിൽ ഒരു മുസ്ലിമിനേയും നാം കുററപ്പെടുത്തുകയും ചെയ്യരുത്. എന്ന സദുപദേശത്തോടെ ഞാൻ നിറുത്തുന്നു. അല്ലാഹു നാമെല്ലാവരേയും ഇരു വീട്ടിലും രക്ഷിക്കുകയും അല്ലാഹു എല്ലാം ഖബൂലാക്കുകയും ചെയ്യട്ടെ. آمين

അക്ഷരത്തെററുകളും വാചകാലങ്കാരവും നോക്കാതെ കാര്യങ്ങൾ മനസ്സിലാക്കുകയും മററുള്ള വർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക.

* * * * * *

Author
V.P. Moidumusliyar
Cheroor, P.o. Vengara
Malappuram Dt. Kerala
Mob: 9947315127

Usthad C.K. Abul Khair
A.U., A.F., M.A, M.F.B
Cheruppa
Ph: 0495 2492042

Nalakath Alikoya Moulavi
Calicut
Ph: 0495 3096539

First Edition: 2012 January
Copies: 2000 copy
Layout&Cover: Cybernet, R.kara
Printed: Jameela Offset, Mancheri
Price: 25.00

സ്വന്തം ജീവിതത്തിൽ എല്ലാവരും പരിപൂർണ്ണ ദീൻ ഉൾക്കൊണ്ട് ജീവിക്കുന്നതോടൊപ്പം മററുള്ളവരിലും പരിപൂർണ്ണ ദീൻ ഉണ്ടാക്കുന്നതിന്ന് പരിശ്രമിക്കുകയും ഖിയാമത്ത് നാൾ വരെ വരുന്ന മുഴുവൻ മനുഷ്യർക്കും പരിപൂർണ്ണ ദീൻ തബ്ലീഗ് ചെയ്ത് എത്തിച്ച് കൊടുക്കുന്നതിന്ന് തക്കതായ ദാഇകളെ തയ്യാറാക്കുകയും ചെയ്യുക, ഇത്ഈ ഉമ്മത്തിലെ എല്ലാ ഓരോരുത്തരുടേയും ഒഴിച്ച് കൂടാൻ പാടില്ലാത്ത കടമയാണ്.